# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ് . എ_പികെഡി18/1577/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 30/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ് . എ_പികെഡി18/1577/2022 തീയ്യതി: 30/07/2022

## പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-10-2019 മുതൽ 11-01-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| എൻ. സതീശൻ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 12-01-2022 | 21-01-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-01-2022 | 21-01-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹ. ഗ്രേ)
എ. സുജാത, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
എൻ. വി. കൃഷ്ണദാസ്, ഓഡിറ്റർ
ആർ. രഞ്ജിത്ത്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സുധ രവീന്ദ്രൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | പ്രസിഡന്റ് | 12-11-2020 | 29-12-2020 |
| അനിൽ കുമാർ ജി | സെക്രട്ടറി | 01-04-2020 | 31-05-2020 |
| വിനേഷ്.പി | സെക്രട്ടറി | 01-06-2020 | 14-06-2020 |
| രാധിക.കെ | സെക്രട്ടറി | 15-06-2020 | 31-03-2021 |
| ശ്രീ.മണികണ്ഠൻ | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രശ്മി. ജെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 16-10-2020 |
| ഷീജ.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-10-2020 | 20-01-2021 |
| സുരേഷ്കുമാർ.എ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 20-01-2021 | 31-03-2021 |
| ഡോ. ബിന്ദു കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 10-02-2021 |
| ഡോ.മഹേഷ്.എ.കെ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 10-02-2021 | 31-03-2021 |
| ജയലളിത പി.വി | ഹെഡ് മിസ്ട്രസ്സ് | 01-04-2020 | 31-03-2021 |
| ഡോ.മുഹമ്മദ് മുസ്തഫ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2020 | 31-03-2021 |
| ഒഴിവ് | വെറ്റിനറി സർജൻ | 01-04-2020 | 14-05-2020 |
| ഡോ.ഫാത്തിമ.കെ | വെറ്റിനറി സർജൻ | 15-05-2020 | 19-02-2021 |
| ഡോ.മുത്തുസ്വാമി | വെറ്റിനറി സർജൻ | 20-02-2021 | 11-03-2021 |
| ഡോ.നിഷ നടരാജൻ | വെറ്റിനറി സർജൻ | 12-03-2021 | 31-03-2021 |
| രവികല ആർ | വി.ഇ.ഒ I | 01-04-2020 | 31-03-2021 |
| സോജ.ആർ | വി.ഇ.ഒ II | 01-04-2020 | 01-02-2021 |
| പ്രമോദ്.ആർ | വി.ഇ.ഒ II | 02-02-2021 | 31-03-2021 |
| ഉമ ടി.എൻ | അസി. എഞ്ചിനീയർ | 01-04-2020 | 04-06-2020 |
| ടിൻ ഗോഡ്വിൻ ഡിസിൽവ | അസി. എഞ്ചിനീയർ | 04-06-2020 | 25-06-2020 |
| ഉമ ടി.എൻ | അസി. എഞ്ചിനീയർ | 25-06-2020 | 29-06-2020 |

| | | | |
|---|---|---|---|
| ജിസ്ന.എ.കെ | അസി. എഞ്ചിനീയർ | 29-06-2020 | 31-03-2021 |
| രജിൻ റാം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| സുധ കുമാരി എ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2020 | 20-10-2020 |
| ഒഴിവ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 21-10-2020 | 16-11-2020 |
| താജുമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 17-11-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ranjith. R (Auditor, On 24-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക- അപാകതകൾ<br>Written By: Ranjith. R (Auditor, On 24-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-2-1 |
| 4 | സാമ്പത്തിക അവലോകനം<br>Written By: Ranjith. R (Auditor, On 31-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: A. Sujatha (Asst. Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-5 |
| 7 | നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ<br>Written By: A. Sujatha (Asst. Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-5-1 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: A. Sujatha (Asst. Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-6 |
| 9 | ക്ഷേമപദ്ധതികൾ<br>Written By: A. Sujatha (Asst. Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Ranjith. R (Auditor, On 24-02-2022)<br>Last Updated By: Ranjith. R (Auditor, On 24-02-2022) | 1-8 |
| 11 | ആഭ്യന്തരനിയന്ത്രണം<br>Written By: A. Sujatha (Asst. Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-10 |
| 13 | മാന്വൽ രശീതി പുസ്തകത്തിന്റെ ഉപയോഗത്തിലെ അപാകതകൾ<br>Written By: Ranjith. R (Auditor, On 24-02-2022)<br>Last Updated By: Ranjith. R (Auditor, On 24-02-2022) | 1-11 |
| 14 | നിയമാനുസൃതമല്ലാതെ ഉപയോഗപ്പെടുത്തിവരുന്ന അസംബ്ലി കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 26-02-2022)<br>Last Updated By: Ranjith. R (Auditor, On 19-03-2022) | 1-12 |
| 15 | ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-13 |
| 16 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അഭാവത്തിലും ആനുകൂല്യം നൽകി | 1-14 |

| | | |
|---|---|---|
| | Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | |
| 17 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-15 |
| 18 | സുഭിക്ഷകേരളം പദ്ധതി- ഫിഷറീസ് മേഘലയിൽ പദ്ധതി നടപ്പായില്ല<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ranjith. R (Auditor, On 26-02-2022) | 1-16 |
| 19 | ലൈഫ് മിഷൻ- സമ്പൂർണ്ണ അവലോകനം<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-17 |
| 20 | പാലിന് സബ്സിഡി - വികസനഫണ്ടിൽ നിന്നും നാമമാത്രമായ തുക വകയിരുത്തുന്നു.<br>Written By: A. Sujatha (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-18 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്<br>Written By: A. Sujatha (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-19 |
| 22 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല.<br>Written By: A. Sujatha (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-20 |
| 23 | തെരുവ് വിളക്ക് പരിപാലനം-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.<br>Written By: A. Sujatha (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-21 |
| 24 | തെരുവു വിളക്കുകളുടെ റിപ്പയർ -പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ<br>Written By: A. Sujatha (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-22 |
| 25 | ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം<br>Written By: A. Sujatha (Asst. Audit Officer, On 19-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-23 |
| 26 | ഓ.ഡി.എഫ്- ഗ്യാപ്പ് ഫില്ലിംഗ് പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 26-07-2022) | 1-24 |
| 27 | ബി പി എൽ കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയങ്ങളുടെ റിട്രോഫിറ്റിംഗ്- പൊതുവിഭാഗത്തിനും അനുവദിച്ചു, പദ്ധതി ലക്ഷ്യം കൈവരിച്ചില്ല<br>Written By: Krishnadas.N.V (Auditor, On 13-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-25 |
| 28 | കാർഷിക മേഖലയിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയിട്ടില്ല<br>Written By: Ranjith. R (Auditor, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-26 |
| 29 | കൃഷി ഓഫീസർ പദ്ധതികൾ നടപ്പിലാക്കുന്നില്ല<br>Written By: Ranjith. R (Auditor, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-27 |
| 30 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്<br>Written By: Ranjith. R (Auditor, On 26-02-2022)<br>Last Updated By: Ranjith. R (Auditor, On 26-02-2022) | 1-28 |
| 31 | പഴയ മോട്ടോർ (പമ്പ് സെറ്റ് ) തിരിച്ചേൽപ്പിക്കാത്തത്<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-29 |
| 32 | കറവപശു വളർത്തൽ പദ്ധതി- അപാകതകൾ<br>Written By: Ranjith. R (Auditor, On 26-02-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-30 |
| 33 | പാർട്ട് ബിൽ നൽകി നാളിതുവരെ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ | 1-31 |

| | | |
|---|---|---|
| | പൂർത്തീകരിക്കണം ഉറപ്പാക്കണം<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | |
| 34 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-32 |
| 35 | പണി പൂർത്തീകരിച്ചിട്ടും നാളിതുവരെ ഫൈനൽ ബിൽ തുക അനുവദിക്കാത്തത്<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-33 |
| 36 | ടെണ്ടർ വേരിയേഷൻ കുറവു ചെയ്യാത്തത്<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 1-34 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 3-1 |
| 2 | ടെണ്ടർ വേരിയേഷൻ കുറവു ചെയ്തില്ല – അധികം നൽകിയ തുക തിരിച്ചടക്കണം<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A. Sujatha (Asst. Audit Officer, On 02-03-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: S. Premanand (Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: A. Sujatha (Asst. Audit Officer, On 25-01-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: S. Premanand (Audit Officer, On 12-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: S. Premanand (Audit Officer, On 13-07-2022)<br>Last Updated By: Ramadevi.V.K (Computer Assistant, On 27-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: S. Premanand (Audit Officer, On 06-07-2022)<br>Last Updated By: E.Sasibhooshan (Deputy Director, On 30-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 20.03.2020 ലെ യോഗത്തിൽ അവതരിപ്പിക്കുകയും 21.03.2020 ലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. റിവൈസ്ഡ് ബജറ്റ് 16.02.2021 യിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | 2201680 |
| തൻവർഷം വരവ് | 112675810 |
| ആകെ വരവ് | 114877490 |
| ചെലവ് | 111875020 |
| നീക്കിയിരിപ്പ് | 3002470 |

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ പാലിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016 /തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രങ്ങളും പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കുന്നതിലും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

പ്രതീക്ഷിത വരവ് ചെലവുകൾ പരിശോധിച്ചതിൽ തൻവർഷം പ്രസക്തമാല്ലാത്ത വരവിനങ്ങൾ ബജറ്റിൽ ഉൾപ്പെട്ടവാൻ ഇടയായിട്ടുണ്ട്. ഉദാ. പഞ്ചായത്തിൽ പരസ്യ നികുതി ഈടാക്കുന്നില്ല എന്നിരിക്കെ ഈ ഇനത്തിൽ 25,000 രൂപ ബജറ്റിൽ വരവ് പ്രതീക്ഷിച്ചിട്ടുണ്ട്. ജി.എസ്.ടി നിയമത്തിലെ വകുപ്പ് 173 ഉപവകുപ്പ് Vi പ്രകാരം 1-7-2017 മുതൽ പരസ്യ നികുതി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 209 റദ്ദാക്കിയിട്ടുണ്ട്. ആയതിനു ശേഷവും ഈ ഇനത്തിൽ വരവ് പ്രതീക്ഷിച്ചത് ബജറ്റ് തയ്യാറാക്കുന്നതിലെ അപാകമായി വിലയിരുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ബജറ്റ് മാന്വലിൽ സൂചിപ്പിച്ചിട്ടുള്ള സമയക്രമം പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
2. എല്ലാ പ്രതീക്ഷിത ഇനങ്ങളും ബജറ്റിൽ ഉൾപ്പെട്ടുവെന്ന് ഉറപ്പാക്കേണ്ടതും പ്രസക്തമല്ലാത്ത ഇനങ്ങൾ ഒഴിവാക്കേണ്ടതുമാണ്.
3. പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും നിലവിലുള്ള ഇനങ്ങളിൽ നിന്നും വരുമാനം ഉറപ്പാക്കുന്നതിനുമായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

4. പുതുക്കിയ ബജറ്റ് കൃത്യമായി പാസാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. തുടർ വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ സ.ഉ(ആർ.ടി)നം.3291/2016/LSGD തിയതി 02-12-2016 പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള ബജറ്റ് മാന്വലിലെ നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2020-21 | 31-07-2021 | 30-07-2021 | - | 30-07-2021 |

## 1-2-1 വാർഷിക ധനകാര്യ പത്രിക- അപാകതകൾ

2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. താഴെ പറയുന്ന അക്കൗണ്ടുകൾ റീകൺസിൽ ചെയ്തിട്ടില്ല.

| ക്രമ നം | അക്കൗണ്ട് ഹെഡ് | അക്കൗണ്ടിന്റെ പേര് | ബാലൻസ് തുക |
|---|---|---|---|
| 1 | 450210103 | SBI E Payments 2759 | 294057 |
| 2 | 450610101 | Canara Bank - Hariyal 14567 | 1098 |
| 3 | 450610106 | MPLAD17373 | 206 |
| 4 | 450630101 | Elavanchery SCB - TSC 1750/356 | 383660 |

2. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

3. മുൻകൂർ നല്കിയ തുകകൾ സമയബന്ധിതമായി ക്രമീകരിച്ചിട്ടില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

5. ആസ്തികൾക്ക് തൻവർഷത്തേയ്ക്കുള്ള ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടെങ്കിലും ആസ്തിരജിസ്റ്റർ കാലികമല്ലാത്തതിനാൽ ചാർജ്ജ് ചെയ്ത തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

## 1-3 സാമ്പത്തിക അവലോകനം

| | |
|---|---|
| മുന്നിരിപ്പ് | 16887545 |
| വരവ് | 64319244 |
| ആകെ | 81206789 |
| ചെലവ് | 67205883 |
| നീക്കിയിരിപ്പ് | 14000906 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8798498 | 8798498 | 7480080 | 1318418 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 10104745 | 10104745 | 9560285 | 544460 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 165000 | 165000 | 0 | 165000 |
| മെയിന്റനൻസ്, റോഡ് | 0 | 6007000 | 6007000 | 5971648 | 35352 |

| | | | | | |
|---|---|---|---|---|---|
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3456681 | 3456681 | 3456681 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - അൺടൈഡ് | 0 | 9078279 | 9078279 | 3646844 | 5431435 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - ടൈഡ് | 0 | 4630000 | 4630000 | 1455152 | 3174848 |

Sourceൽ നിന്നും Deduct ചെയ്ത തുകകളുടെ വിവരങ്ങൾ (2019-20)

വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്.സി.പി), മെയിന്റനൻസ് ഫണ്ട് (റോഡിതരം) എന്നീ ഇനങ്ങൾ ഉറവിടത്തിൽ നിന്നും കുറവു ചെയ്തതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു. ഈ തുക മുകളിലെ പട്ടികയിലെ വരവിലും ചെലവിലും ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പ്രൊജക്ട് | ചെലവ് തുക | ഫണ്ടിനം |
|---|---|---|---|
| 1 | 267/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 292000 | Plan (GI) |
| 2 | 268/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 292000 | Plan (GI) |
| 3 | 269/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 956250 | Plan (GI) |
| 4 | 281/21: അംഗനവാടി ജിവനക്കാരുടെ പ്രതിഫല ഇനത്തിൽ ഈടാക്കുന്ന തുക | 292000 | Plan (GI) |
| 5 | 282/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) | 1268377 | Plan (GI) |
| | വികസന ഫണ്ട് (ജനറൽ) ആകെ | 3100627 | |
| 6 | 270/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 14627 | Plan (SCP) |
| 7 | 283/21: ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) | 14628 | Plan (SCP) |
| | വികസന ഫണ്ട് (എസ്.സി.പി) ആകെ | 29255 | |
| 8 | 284/21: വോട്ടിങ് മെഷീൻ വാങ്ങുന്നതിന് കുറവുചെയ്യുന്ന തുക | 35319 | MG (NR) |
| | മെയിന്റനൻസ് ഫണ്ട് (റോഡിതരം) ആകെ | 35319 | |

പൊരുത്തപ്പെടുത്തൽ :

| | | | |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 8798498 | 3100627 | 11899125 |
| | AFS പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 7480080 | 3100627 | 10580707 |

| | | | |
|---|---|---|---|
| വികസന ഫണ്ട് – (എസ്.സി.പി) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 10104745 | 29255 | 10134000 |
| | AFS പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 9560285 | 29255 | 9589540 |
| | | | |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | ACR പ്രകാരം വരവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ വരവ് |
| | 3456681 | 35319 | 3492000 |
| | AFS പ്രകാരം ചെലവ് | ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത് | യഥാർത്ഥ ചെലവ് |
| | 3456681 | 35319 | 3492000 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| NREGS | Admin | 167 | 1211444 | 1211611 | 1211611 | 0 |
| | EFMS | 0 | 22090442 | 22090442 | 22090442 | 0 |
| | ആകെ | 167 | 23301886 | 23302053 | 23302053 | 0 |

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ICDS | 892707 | 830103 | 1722810 | 1275028 | 447782 |
| TSC- Co Bank | 383660 | 0 | 383660 | 0 | 383660 |
| TSC | 2203602 | 1563227 | 3766829 | 613551 | 3153278 |
| Pre Monsoon | | 140000 | 140000 | 0 | 140000 |

TSC Opening Balance AFSൽ 20,00,000/- MCFഉം 203602 ഇൻസെന്റീവ് നീക്കിയിരിപ്പും ആണ്. ഇതു കൂടാതെ ₹383,660/- വർഷങ്ങളായി Co-op Bankൽ കിടക്കുന്ന തുക ചെലവഴിക്കാതെ പ്രത്യേക അക്കൗണ്ടിൽ ഇപ്പോഴും അവിടെയുണ്ട്.

സംസ്ഥാനാവിഷ്കൃതം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 1000000 | 700,000 | 1700000 | 1,600,000 | 100000 |
| നിർമ്മൽ പുരസ്കാർ | 179125 | 0 | 179125 | 122788 | 56337 |
| ജലനിധി | 948242 | 287,081 | 1235323 | 352376 | 882947 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 114714904 | 156 | 51753305 | - | 51 | 75.3 |

### 1-5-1 നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് ശതമാനം വിലയിരുത്തൽ

വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കി തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 12509952 | 2 | 9037952 | 72.25 |
| വെറ്ററിനറി സർജൻ | 6 | 1790000 | 6 | 977000 | 54.58 |
| മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 6 | 1455990 | 5 | 933337 | 64.1 |
| മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 3 | 1315000 | 3 | 1315000 | 100 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 1 | 1066000 | 0 | 0 | 0 |
| വി.ഇ.ഒ | 6 | 10589200 | 6 | 3504380 | 33.09 |
| വി.ഇ.ഒ II | 7 | 42426556 | 6 | 7725000 | 18.21 |
| ICDS സൂപ്പർ വൈസർ | 7 | 4287334 | 6 | 3280930 | 76.53 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 100100 | 1 | 100100 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 350000 | 1 | 350000 | 100 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 36 | 9043824 | 28 | 6526273 | 72.16 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 122 | 27954227 | 87 | 16539680 | 59.17 |
| ഹെഡ് മാസ്റ്റർ | 6 | 1826721 | 5 | 1463653 | 80.12 |
| | 207 | 114714904 | 156 | 51753305 | 45.11 |

പദ്ധതി നടത്തിപ്പിനായി സർക്കാരിൽ നിന്നും ലഭിച്ച ഗ്രാന്റുകളിൽ ₹10669513/- തൻ വർഷം ചെലവഴിക്കാതെ പാഴായിപ്പോയിട്ടുണ്ട്. പദ്ധതി ആവിഷ്കാരവും നടത്തിപ്പും കാര്യക്ഷമമാക്കി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ അതാതു വർഷം തന്നെ വിനിയോഗിച്ച് ഗ്രാമ പഞ്ചായത്തിന്റെ വികസനം ഉറപ്പാക്കണം.

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എം.എൻ.ആർ.ഇ.ജി.എസ്- അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 167 | 1256611* | 1256778 | 1256778** | 0 |
| എം.എൻ.ആർ.ഇ.ജി.എസ്- | 0 | 27742487 | 27742487 | 27742487 | 0 |

| | | | | | |
|---|---|---|---|---|---|
| തൊഴിലാളികളുടെ വേതനം | | | | | |
| ആകെ | 167 | 289999098 | 28999265 | 28999265 | 0 |

*വാർഷികകണക്കിലെ ഭരണ ചെലവുകളുടെ വരവായി എടുത്തിട്ടുള്ളത് മുന്നിരിപ്പ് തുക 167/- രൂപ ഉൾപ്പെടെയാണ്. പ്രസ്തുത തുക വരവിലും ചെലവിലും പ്രതിഫലിക്കുന്നു.

**ചെലവ് തുക അഡ്വാൻസ് ഹെഡിലും രേഖപ്പെടുത്തിയിട്ടുള്ളതിനാൽ വാർഷികകണക്കിലെ ചെലവ് തുകയുമായി പൊരുത്തപ്പെടുകയില്ല.

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 10243400 | 666 |
| 2 | വാർദ്ധക്യകാല പെൻഷൻ | 15123200 | 1104 |
| 3 | വികലാംഗ പെൻഷൻ | 3215400 | 213 |
| 4 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 991900 | 62 |
| 5 | വിധവാ പെൻഷൻ | 16293200 | 1020 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 300000 | 10 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-01-2022 -ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 12,983/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.
ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. കളക്ട് ചെയ്യുന്ന തുക അതേ ദിവസം അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബാങ്കിൽ അടവാക്കുകയും അടവു വിവരം പരിശോധിച്ചുറപ്പാക്കുകയും ചെയ്യുന്നുണ്ട്

ബജറ്റ് തയ്യാറാക്കുന്നതിൽ മാന്വൽ പ്രകാരമുള്ള സമയക്രമവും നടപടിക്രമങ്ങളും പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ അതാത് വർഷം തന്നെ വിനിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അനധികൃതമായി നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി വസ്തുനികുതി ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഫിറ്റ്നെസ് ഇല്ലാത്ത കെട്ടിടത്തിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന സാഹചര്യത്തിന് അടിയന്തിരമായി പരിഹാരം കാണേണ്ടതാണ്. ലൈഫ് മിഷൻ പ്രകാരമുള്ള എല്ലാ ഭവനങ്ങളുടെയും നിർമ്മാണ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവർത്തികൾ കാലാവധിക്കുള്ളിൽ തന്നെ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. അഗതിരഹിത കേരളം ഗുണഭോക്തൃലിസ്റ്റിലുള്ള ഭവനരഹിതരായ വ്യക്തികളെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ധനസഹായം നൽകേണ്ടതാണ്.

കാർഷിക മേഖലയിൽ ആവിഷ്കരിക്കുന്ന പ്രൊജക്ടുകൾ നടപ്പാക്കുന്നതിൽ കാര്യക്ഷമത കാണിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | നവമ്പർ 2021 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.03.2019 | 2016-17 സപ്ലിമെന്ററി ഓഡിറ്റ് | 9.5.2019 |

അക്കൗണ്ടന്റ് ജനറലിന്റെ 2016-17 വർഷത്തെ സപ്ലിമെന്ററി ഓഡിറ്റ് തീർപ്പാക്കിയിട്ടുണ്ട്.

പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടുചെയ്യുന്ന അപാകങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## 1-11 മാന്വൽ രശീതി പുസ്തകത്തിന്റെ ഉപയോഗത്തിലെ അപാകതകൾ

ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി വെറ്ററിനറി സർജന് കൈമാറിയിട്ടുള്ള രശീതി പുസ്തകങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. കെടിസി വോള്യം 1 ആർട്ടിക്കിൾ 90(ബി)യിലെ കുറിപ്പ് 2 പ്രകാരം ഓരോ രശീതി പുസ്തകത്തിലും സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തേണ്ടതാണ്. 35554, 35559, 35573 എന്നീ രശീതി പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് രേഖപ്പെടുത്തിയിട്ടില്ല.
2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 20 പ്രകാരം രശീതികൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ച് എഴുതേണ്ടതാണ്. 35554, 35559 എന്നീ രശീതി പുസ്തകങ്ങളിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.
3. 35559 നമ്പർ രശീതി പുസ്തകത്തിലെ 57 മുതൽ 100 വരെയുള്ള രശീതികൾ സാമ്പത്തിക വർഷം അവസാനിച്ചിട്ടും ക്യാൻസൽ ചെയ്തിട്ടില്ല.
4. 35573 നമ്പർ രശീതി പുസ്തകത്തിലെ 1 മുതൽ 56 വരെയുള്ള രശീതികൾ 2019-20 സാമ്പത്തിക വർഷത്തേയും 57 മുതൽ 100 വരെയുള്ള രശീതികൾ 2020-21 വർഷത്തേയുമാണ്. ഓരോ സാമ്പത്തിക വർഷത്തിലും പ്രത്യേകം രശീതി പുസ്തകങ്ങൾ ഉപയോഗിക്കാതെ തുടർച്ചയായി രേഖപ്പെടുത്തൽ വരുത്തിയിരിക്കുന്നു.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 05/19-01-2022 ന് മറുപടി നൽകിയിട്ടില്ല.
അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 നിയമാനുസൃതമല്ലാതെ ഉപയോഗപ്പെടുത്തിവരുന്ന അസംബ്ലി കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിക്കേണ്ടതാണ്

ശ്രീ.ടി.ബി.ജിനേഷ് S/o ടി.ടി.ബാലകൃഷ്ണൻ, തുമ്പിടി വീട്, കരിംകുളം, എലവഞ്ചേരി എന്നയാൾക്ക് A2-

BA(284162)/2018 തീയതി 06/12/2018 നമ്പരായി 462.93 ചതുരശ്ര മീറ്റർ അസംബ്ലി കെട്ടിടം പണിയുന്നതിന് നിർമ്മാണ അനുമതി നൽകിയിരുന്നു. സർവ്വേ നം. 72/1 ൽ 1740 ച.മീ സ്ഥലത്ത് നിലവിൽ സ്ഥിതിചെയ്യുന്നതും പ്രവർത്തിച്ചുവരുന്നതുമായ 309.13 ച.മീ വിസ്തീർണ്ണമുള്ള 13/469 നമ്പർ ഓഡിറ്റോറിയം ഹാൾ പൊളിച്ചുമാറ്റി ഡൈനിംഗ് ഹാൾ, കിച്ചൺ എന്നിവയുൾപ്പെടുന്ന കെട്ടിടം നിർമ്മിക്കാനുവാനാണ് 05/12/2021 വരെ കാലാവധിയിൽ പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. പെർമിറ്റ് കാലാവധി അവസാനിച്ചുവെങ്കിലും പുതുക്കുകയോ കംപ്ലീഷൻ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

പഞ്ചായത്ത് കാര്യാലയത്തിന് സമീപത്തായുള്ള ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം പൂർത്തിയാക്കി വിവാഹം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്ക് ഉപയോഗിച്ചു വരുന്നുണ്ട്. പൊളിച്ചുമാറ്റുന്നതായി പ്ലാനിൽ കാണിച്ചിട്ടുള്ള കെട്ടിടവും ഉപയോഗപ്പെടുത്തുന്നുണ്ട്. ഒക്യുപ്പൻസി അനുവദിക്കാത്ത കെട്ടിടം ഉപയോഗപ്പെടുത്തുന്നത് നിയമവിരുദ്ധമാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ(1) വകുപ്പ് പ്രകാരം നിയമാനുസൃതമല്ലാത്ത കെട്ടിടം നിർമ്മാണം പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തുകയോ ചെയ്താൽ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ കെട്ടിടം പൊളിച്ചുമാറ്റുകയോ ക്രമവൽക്കരിക്കുകയോ ചെയ്യുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതം നിർമ്മിച്ചതാണെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക വസ്തുനികുതിയായി ഈടാക്കാവുന്നതാണ്. 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20 പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് 'യു എ' കെട്ടിട നമ്പർ അനുവദിക്കേണ്ടതാണെന്നും ഇപ്രകാരം കെട്ടിടനമ്പർ അനുവദിക്കുന്നത് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ വകുപ്പ് പ്രകാരം വസ്തുനികുതി നിർണ്ണയിക്കുന്നതിനുവേണ്ടി മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണെന്നും എന്നാൽ കെട്ടിടത്തിന്റെ ഉടമസ്ഥനെതിരെ 235 ഡബ്ല്യു വകുപ്പ് പ്രകാരമുള്ള നടപടിയെടുക്കുന്നതിന് ഇത് തടസ്സമല്ലാത്തതും കെട്ടിടം പൊളിച്ചു മാറ്റുകയോ നിർമ്മാണം ക്രമവൽക്കരിക്കുകയോ ചെയ്യുന്നതുവരെ ഇപ്രകാരം വസ്തുനികുതി ഈടാക്കാവുന്നതുമാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

നിയമാനുസൃതമല്ലാതെ ഉപയോഗപ്പെടുത്തിവരുന്ന കെട്ടിടത്തിനെതിരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/24.01.2022 ന് കംപ്ലീഷൻ അപേക്ഷയിലെ ന്യൂനതകൾ പരിഹരിക്കുവാനാവശ്യപ്പെട്ട് 15.06.2020, 04.03.2021 തീയതികളിൽ കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ലെന്നും യു.എ നമ്പർ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.

നിയമാനുസൃതമല്ലാതെ ഉപയോഗപ്പെടുത്തിവരുന്ന കെട്ടിടത്തിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം യു.എ നമ്പർ അനുവദിച്ച് കെട്ടിടം ഉപയോഗപ്പെടുത്തി തുടങ്ങിയ തീയതി മുതൽ വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർത്തുള്ള തുക ഈടാക്കേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്തിലെ അംഗണവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

എലവഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ അധികാരപരിധിയിൽ 20 അങ്കണവാടികൾ പ്രവർത്തിച്ച് വരുന്നുണ്ട്.

1) അങ്കണവാടികളുടെ അടിസ്ഥാന വിവരങ്ങൾ

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടമുള്ള സെന്ററുകളുടെ എണ്ണം | 20 |
| 2 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 1 (C.No. 82) |
| 3 | ബേബി ഫ്രണ്ട്‌ലി ടോയ്‌ലറ്റ് ഇല്ലാത്തവ | 20 |

| | | |
|---|---|---|
| 4 | ചുറ്റ് മതിൽ ഇല്ലാത്തവ | 3 |
| 5 | കമ്പ്യൂട്ടർ ലഭിച്ചിട്ടില്ലാത്ത അംഗണവാടികളുടെ എണ്ണം | 18 |
| 6 | വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 0 * |
| 7 | വൈറ്റ് വാഷിംഗ് നടത്താത്ത അങ്കണവാടികൾ | 4 |
| 8 | സ്മമാർട്ട് അംഗണവാടികൾ | 5 |

നിലവിൽ 2 കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാൽ 2 അംഗണവാടികൾ വാടക കെട്ടിടത്തിലേക്ക് മാറേണ്ട സാഹചര്യമുണ്ടെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

3) അങ്കണവാടികളിലെ ഹെൽപ്പർമാരുടെ ഒഴിവ്

20 അങ്കണവാടികളിലായി 20 വർക്കർമാരും 20 ഹെൽപ്പർമാരും സേവനമനുഷ്ഠിച്ചുവരുന്നുണ്ട്. 2 വർക്കർമാരെയും 6 ഹെൽപ്പർമാരെ താൽക്കാലികമായാണ് നിയമിച്ചിട്ടുള്ളതെന്നാകയാൽ 8 ഒഴിവുകൾ നിലവിലുണ്ട്. സീനിയോറിറ്റി ലിസ്റ്റിൽ ആളില്ലാത്തതിനാൽ ALMSC(Anganvaadi Level Monitoring & Supporting Committee) ശുപാർശ ചെയ്തതിന്റേയും, CDPO യുടെ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ ഹെൽപ്പർമാരെ താൽക്കാലികമായി നിയമിച്ച് വരികയാണ്.

4) അങ്കണവാടികൾക്കുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്

പഞ്ചായത്തിന്റെ പ്രവർത്തന പരിധിയിൽ ആകെ 20അങ്കണവാടികൾ നിലവിൽ പ്രവർത്തിച്ച് വരുന്നുണ്ട്. 2019-20 വർഷത്തിൽ അംഗനവാടികൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റില്ലാതെയാണ് പ്രവർത്തിച്ചിട്ടുള്ളത്. 2021-22 വർഷത്തിൽ 2 അംഗനവാടികൾക്ക് ഫിറ്റ്നസ് ലഭിച്ചിട്ടില്ലെന്ന് അധികൃതർ അറിയിച്ചിട്ടുണ്ട്.

എല്ലാ അങ്കണവാടികളുടേയും സുരക്ഷിതത്വം ഉറപ്പാക്കി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനായി സർക്കുലർ നം.31055/ഡി.സി.2/2011തസ്വഭവ 22.3.2011 പ്രകാരം സർക്കാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1.എല്ലാ വർഷവും മെയ് 10 - നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ / ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്.

2.യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്ത കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിക്കുന്നതെങ്കിൽ തദ്ദേശഭരണ സ്ഥാപനം/ കെട്ടിട ഉടമ ആയത് ഏർപ്പെടുത്തേണ്ടതാണ്.

3.സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ / ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തി സമയബന്ധിതമായി ആക്ഷൻ പ്ലാൻ തയ്യാറാക്കി മെയ് 10 നകം എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടാണ്.

2021-22 വർഷത്തിൽ 2 അംഗനവാടികൾക്ക് ഫിറ്റ്നസ് ലഭ്യമാകാതെ പ്രവർത്തിപ്പിച്ചത് ശരിയായ നടപടിയല്ല.

5) കേന്ദ്രാവിഷ്കൃത ഫണ്ടിലുള്ള നീക്കിയിരിപ്പ് ഫലപ്രദമായി വിനിയോഗിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

അങ്കണവാടി പോഷകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 447782 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. SNP ക്ക് ലഭ്യമാകുന്ന കേന്ദ്രസഹായത്തിലെ നീക്കിയിരിപ്പ് വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കുടിവെള്ളം, വൈദ്യുതി ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ എന്നിവ വാങ്ങുവാനും മുൻഗണന നൽകേണ്ടതാണ്.

6) അങ്കണവാടികളുടെ അവസ്ഥാവിശകലനം

തദ്ദേശസ്വയംഭരണ സ്ഥാപന അദ്ധ്യക്ഷൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ, ICDS സൂപ്പർവൈസർ എന്നിവരെ ഉൾപ്പെടുത്തി പഞ്ചായത്തിലെ അങ്കണവാടികളുടെ അവസ്ഥാവിശകലനം നടത്തി ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നതിലേക്ക് ഭരണസിമിതിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഇടപെടലുകൾ കാര്യക്ഷമമല്ല.

7) അനുപൂരക പോഷകാഹാര പദ്ധതികൾ

2019-20, 2020-21 എന്നീ സാമ്പത്തിക വർഷത്തിൽ അങ്കണവാടികൾക്ക് പോഷകാഹാര-വിതരണത്തിനായി ICDS Supervisor താഴെ പറയുന്ന പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങി നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം | പ്രോജക്ട് നം, പേര് | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | 76/20, അംഗനവാടി പോഷകാഹാരം ജനറൽ | 2145168 രൂപ (വികസന ഫണ്ട് (ജനറൽ)- 945168 + കേന്ദ്രാവിഷ്കൃത ഫണ്ട്- 1200000 ) | 2081455 രൂപ (വികസന ഫണ്ട് (ജനറൽ)- 945168 + കേന്ദ്രാവിഷ്കൃത ഫണ്ട്- 1136287) |
| 2 | 1/21, അംഗനവാടി പോഷകാഹാരം | 1940828രൂപ (വികസന ഫണ്ട് (ജനറൽ)- 665800 + കേന്ദ്രാവിഷ്കൃത ഫണ്ട്- 1275028) | 1940828രൂപ (വികസന ഫണ്ട് (ജനറൽ)- 665800 + കേന്ദ്രാവിഷ്കൃത ഫണ്ട്- 1275028) |
| 3 | 2/21 അംഗനവാടി പോഷകാഹാരം (എസ്.സി.പി) | 300000 രൂപ (വികസന ഫണ്ട്(എസ്.സി.പി)) | 300000 രൂപ വികസന ഫണ്ട് (എസ്.സി.പി)) |

8) ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കിയിട്ടില്ല

കേരള സംസ്ഥാന ചരക്ക് സേവന നികുതി നിയമം 2017വകുപ്പ് 51(1), കേന്ദ്ര ധനകാര്യ വകുപ്പിന്റെ 13.09.2018-ലെ 50/2018-Central Tax വിജ്ഞാപനം എന്നിവ പ്രകാരം 01.10.2018 മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകളുടെ കാര്യത്തിൽ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. വകുപ്പ് 24(vi) പ്രകാരം സ്രോതസ്സില്- നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. സ.ഉ(പി)162/2018/ധന തീയതി 22.10.2018 പ്രകാരം ടി.ഡി.എസ് പിടിച്ച് അടവാക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കിയിട്ടുമുണ്ട്.

മേൽ പദ്ധതികൾ പ്രകാരം അനുഗ്രഹ ലക്ഷ്മി കുടുംബശ്രീയൂണിറ്റ് (GSTIN :32AAXFA8246K1ZX) എന്ന സ്ഥാപനത്തിൽ നിന്നും, മാവേലി സ്റ്റോറിൽ നിന്നുമാണ് അംഗനവാടി പോഷകാഹാരം വാങ്ങിയിട്ടുള്ളത്.

| സ്ഥാപനം | സാമ്പത്തിക വർഷം | |
|---|---|---|
| | 2019-20 | 2020-21 |
| അനുഗ്രഹ ലക്ഷ്മി കുടുംബശ്രീ | 1759683 | 1622041 |
| മാവേലി സ്റ്റോർ | 242349 | 300138 |
| ആകെ | 2002032 | 1922179 |

അനുഗ്രഹ ലക്ഷ്മി കുടുംബശ്രീ എന്ന സ്ഥാപനത്തിൽ നിന്നും 2019-20, 2020-21 വർഷങ്ങളിലായി 3381724 രൂപയുള്ള സാധന സമാഹരണം നടത്തിയിട്ടുണ്ട് എന്നാൽ പ്രസ്തുത വാങ്ങലുകളിന്മേൽ 2% ടി.ഡി.എസ്

ഈടാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കാതെ തുക പൂർണ്ണമായും സപ്ലയർക്ക് അനുവദിച്ചത് ക്രമപ്രകാരമല്ല. സ്രോതസ്സിൽ നിന്നും നികുതി പിടിക്കാൻ ബാധ്യസ്ഥരായവർ നിർബന്ധമായും Tax Deductor രജിസ്ട്രേഷൻ എടുക്കേണ്ടതാണ്. ജിഎസ്ടി ടിഡിഎസ് കുറവ് ചെയ്യാതെ ബിൽ അനുവദിച്ചത് ശരിയായ നടപടിയല്ല.

9) ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതം - ലാബ് റിപ്പോർട്ട്

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ അംഗണവാടികൾക്ക് മേൽ പദ്ധതികൾ പ്രകാരം ലഭ്യമായ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ അയച്ചു നൽകിയിട്ടുണ്ടെങ്കിലും ലാബ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. ഇതിൻമേൽ നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല.

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (23/29.01.2022) ഓഡിറ്റിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ തുടർ വർഷങ്ങളിൽ പരിഹരിച്ചിട്ടുണ്ടെന്നും GST Tax Deductor രജിസ്ട്രേഷൻ എടുക്കുന്നതിനും സ്രോതസ്സിൽ നിന്നും നികുതി പിടിക്കുന്നതിൽ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-14 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങൽ- ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അഭാവത്തിലും ആനുകൂല്യം നൽകി

2020-21 വർഷത്തിൽ ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പുകൾ വാങ്ങി നൽകുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതി വിവരം

പ്രോജക്ട് = 20/21, എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

അടങ്കൽ തുക = 12,36,330 രൂപ (വികസന ഫണ്ട്- എസ്.സി.പി = 12,28,311+ തനത് ഫണ്ട് = 8019)

ചെലവ് തുക =9,25,786 രൂപ (വികസന ഫണ്ട്- എസ്.സി.പി)

ബിൽ നം = 4/20.03.2021

ബി) പദ്ധതി ലക്ഷ്യം

സർക്കാർ/ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ UG/PG/Poly Technique Diploma/ Engineering/ Medicine എന്നിവയ്ക്ക് പഠിക്കുന്ന 54 എസ്.സി വിദ്യാർത്ഥികൾക്ക് അക്രെഡിറ്റഡ് ഏജൻസിയായ കെൽട്രോണിൽ നിന്നും ലാപ്ടോപ്പുകൾ വാങ്ങിനൽകുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ആയതിനായി 66 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് 24.02.2021 ലെ 13/2 നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് നൽകിയിട്ടുണ്ട്.

സി) പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1) പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

54 ഗുണഭോക്താക്കൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി പദ്ധതി ആവിഷ്കരിച്ചെങ്കിലും 34 പേർക്ക് മാത്രമാണ് ആനുകൂല്യം ലഭ്യമാക്കിയത്. പദ്ധതി പ്രകാരം ലക്ഷ്യമിട്ട പ്രവർത്തനം നടത്തുന്നതിന് സാധിച്ചില്ല.

സമാഹരണം നടത്തിയതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശങ്ങൾ

സ്ഥാപനം- കെൽട്രോൺ (ട. അക്കൗണ്ട് നം. 799011400003959)

| ക്രമ നം | ഇൻവോയ്സ് നം/ തിയതി | വില ഒരു ലാപ്ടോപ്പിന് | എണ്ണം | തുക |
|---|---|---|---|---|
| 1 | 24237/10.03.21 | 27229 | 2 | 53458 |
| 2 | 24190/10.03.21 | 27229 | 31 | 844099 |
| 3 | 24238/10.03.21 | 27229 | 1 | 27229 |
| ആകെ | | | 34 | 925786 |

2) ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അഭാവത്തിലും ആനുകൂല്യം നൽകി

എസ്.സി/ എസ്.ടി ആണെന്ന് തെളിയിക്കുന്ന രേഖകൾ, പഠിതാക്കളുടെ വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവിയിൽ നിന്നുള്ള കോഴ്സ് സർട്ടിഫിക്കറ്റ്, പട്ടികജാതി വകുപ്പിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നുള്ള സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കാത്ത ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയിട്ടുള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ അർഹത തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ അഭാവത്തിലും ആനുകൂല്യം നൽകിയത് അനർഹർക്ക് ആനുകൂല്യം നൽകുന്നതിന് ഇടവരുത്തുമെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

| ക്രമ നം | പേര് | ലഭ്യമാക്കാത്ത സാക്ഷ്യപത്രങ്ങളുടെ വിവരം |
|---|---|---|
| 1 | ജിജി. വി | 1) എസ്.സി/ എസ്.ടി ആണെന്ന് തെളിയിക്കുന്ന രേഖ,<br>2) വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം,<br>3) എസ്.സി വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം |
| 2 | ഹിമ. എം | 1) വിദ്യാഭ്യാസ സ്ഥാപന മേധാവിയിൽ നിന്നുള്ള സാക്ഷ്യപത്രം,<br>2) എസ്.സി വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം |
| 3 | ശരണ്യ സി | - ടി - |
| 4 | സന്ധ്യ ആർ | 1) എസ്.സി വകുപ്പിൽ നിന്നും ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം |
| 5 | നന്ദിത എൻ | - ടി - |
| 6 | ശിൽപ എസ് | - ടി - |
| 7 | രജിത കെ | - ടി - |
| 8 | നന്ദന എസ് | - ടി - |
| 9 | രേഷ്മ ആർ | - ടി - |
| 10 | ശാരിക. എം.കെ | - ടി - |
| 11 | സൂരജ് എസ് | - ടി - |
| 12 | പ്രിൻസി ബി | - ടി - |
| 13 | ശരണ്യ എം | - ടി - |
| 14 | അനിൽ വി | - ടി - |
| 15 | അപർണ ആർ | - ടി - |
| 16 | സോണ എസ് | - ടി - |
| 17 | ആകാശ് | - ടി - |

| | | |
|---|---|---|
| | കൃഷ്ണൻ | |
| 18 | ഷരുൺ | - ടി - |
| 19 | സുകന്യ ആർ | - ടി - |
| 20 | ഐശ്വര്യ കെ | - ടി - |
| 21 | നന്ദന എൻ | - ടി - |
| 22 | അനിഷ. എസ് | - ടി - |

മേൽ വിഷയങ്ങളിന്മേൽ മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 25/29.01.2022)

1-15 കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ

എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ അവലോകനം നടത്തുകയുണ്ടായി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

എ) പ്രോജക്ട് നടത്തിപ്പിലൂടെയുള്ള ചെലവ്

പ്രാഥമിക ആരോഗ്യ കേന്ദ്രം- മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സജ്ജീകരണവും കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നതിനായി 2020-21 വർഷത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

പ്രോജക്ട് നം, പേര് 262/21, കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ സജ്ജീകരണവും കോവിഡ്- 19 പ്രതിരോധ പ്രവർത്തനങ്ങളും നടത്തൽ

അടങ്കൽ= 1,49,500 രൂപ (പ്ലാൻ ഫണ്ട്- ജനറൽ )

ചെലവ്= 1,48,982 രൂപ

| ബിൽ നമ്പർ, തിയതി | തുക |
|---|---|
| 9/20.11.20 | 67060 |
| 11/09.12.20 | 38321 |
| 15/22.01.21 | 29500 |
| 19/17.03.21 | 6860 |
| 24/31.03.21 | 7241 |
| ആകെ | 148982 |

സി.എഫ്.എൽ.ടി. സി ആരംഭിക്കുന്നതിനും രോഗികൾക്കുള്ള ബെഡ്, പാചക പാത്രങ്ങൾ, ശുചീകരണ സാമഗ്രികൾ മരുന്നുകൾ, മൈക്രോസ്കോപ്പ് എന്നിവ വാങ്ങുന്നതിനുമാണ് പദ്ധതി പ്രകാരം ചെലവ് ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക |
|---|---|---|
| 1 | മൈക്ക് അനൗൺസ്മെന്റ് | 41500 |
| 2 | മെഡിസിൻ | 3525 |
| 3 | ബേസിക് ഫെസിലിറ്റി അറേഞ്ച്മെന്റ്സ് | 40500 |
| 4 | റിഫ്രഷ്മെന്റ് ചാർജസ് | 17562 |
| 5 | സ്റ്റേഷനറി | 7574 |
| 6 | മൈക്രോസ്കോപ്പ് | 38321 |
| ആകെ | | 148982 |

ബി) തനതു ഫണ്ടിൽ നിന്നുള്ള ചെലവ്

മേൽ പദ്ധതി പ്രകാരമുള്ള ചെലവ് കൂടാതെ തനത് ഫണ്ട് - 230800114 Expenses Related To Pandemic/Epidemic Control എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നായി 2,22,383/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രതിരോധ സാമഗ്രികൾ വാങ്ങൽ, വാഹനവാടക, ശുചീകരണ പ്രവൃത്തികൾ, പ്രചാരണം (നോട്ടീസ്, ബാനർ, അനൗൺസ്മെന്റ്), സി.എഫ്.എൽ.ടി.സി സെന്റർ വർക്ക്, ക്വാറന്റീൻ ഭക്ഷണം, തുടങ്ങിയ പ്രവർത്തനങ്ങൾക്കായി ആകെ 2,22,383 രൂപ തനത് ഫണ്ടിൽ നിന്നും ചെലവുണ്ട്.

ആയതിൽ 75429 രൂപ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. ആയത് തനത് ഫണ്ടിലേക്ക് തിരികെ നിക്ഷേപിച്ചിട്ടുണ്ട്. തുടർവർഷങ്ങളിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഉപയോഗിച്ചുവരുന്നു.

സി) സി.എഫ്.എൽ.ടി.സി

സർക്കാർ നിർദ്ദേശാനുസരണം കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ തുഞ്ചത്തെഴുത്തച്ചൻ കോളേജ് എന്ന സ്ഥാപനത്തിൽ ആരംഭിച്ച് പ്രവർത്തിച്ചിട്ടുണ്ട്. 3 പാരാമെഡിക്കൽ സ്റ്റാഫുകൾ,. 4 ക്ലീനിംഗ് സ്റ്റാഫ്, 1 രാത്രികാല വാച്ച്മാൻ തുടങ്ങിയവരെ നിയമിച്ചിരുന്നു. ഓരോ വാർഡിലും RTPCR, ആന്റിജൻ ടെസ്റ്റുകൾ നടത്തി ഗ്രാമപഞ്ചായത്തിൽ കോവിഡ് നിയന്ത്രണവിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡൊമിസിലിയറി കെയർ സെന്റർ ജൂൺ 2021 ൽ ആരംഭിക്കുകയും ഡൊമിസിലിയറി കെയർ സെന്ററിലേക്ക് പോകുന്നതിന് രോഗികൾ വിമുഖത കാണിക്കുന്നതിനെ തുടർന്ന് രണ്ട് മാസത്തിനകം പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് അധികൃതർ അറിയിച്ചു.

ഡി) പ്രത്യേക അക്കൗണ്ട്

സർക്കാർ നിർദ്ദേശങ്ങൾ പ്രകാരം കോവിഡ് പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

| ക്രമ നം | അക്കൗണ്ട് നം/ IFSC/ ബ്രാഞ്ച് | ആരംഭിച്ച തിയതി | റിമാർക്സ് |
|---|---|---|---|
| 1 | 5781101003818 CNRB0005781 കനറ ബാങ്ക്- എലവഞ്ചേരി | 14.08.2020 | വരവ് ചെലവുകൾ അക്കൗണ്ട് ചെയ്യപ്പെട്ടില്ല. |
| 2 | 5781101004051 CNRB0005781 കനറ ബാങ്ക്- എലവഞ്ചേരി | 11.06.2021 | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായുള്ള ധനസമാഹരണത്തിന് മാത്രമായുള്ള അക്കൗണ്ട്. 4821 രൂപ നീക്കിയിരുപ്പ് ഉണ്ട്. |

മേൽ പട്ടികപ്പെടുത്തിയ അക്കൗണ്ടുകൾ ആരംഭിച്ചെങ്കിലും കോവിഡ് പ്രവർത്തനങ്ങൾക്കായുള്ള വരവ് ചെലവ് ഇടപാടുകൾ നിലവിലും തനത് ഫണ്ട് മുഖേനയാണ് നടപ്പിലാക്കുന്നത്.

തുടർ വർഷങ്ങളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകകൾ 160100901 Donations Related To Pandemic/Epidemic Control എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വരവ് വയ്ക്കേണ്ടതും കോവിഡ് പ്രവർത്തനങ്ങൾക്കായുള്ള പ്രത്യേക അക്കൗണ്ടിൽ നിക്ഷേപിച്ച് ചെലവുകൾ നടത്തേണ്ടതുമാണ്.

ഇ) ജനകീയ ഹോട്ടൽ

കോവിഡിന്റെ പശ്ചാത്തലത്തിൽ ഗ്രാമപഞ്ചായത്തിൽ ജനകീയ ഹോട്ടൽ ആരംഭിച്ചിട്ടില്ല. ജനകീയ അടുക്കള പ്രവർത്തിച്ചിരുന്നു. നിലവിൽ ജനകീയ ഹോട്ടൽ ആരംഭിച്ച് പ്രവർത്തനം തുടർന്നു വരുന്നുണ്ട്.

എഫ്) ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ

1) കോവിഡ് പൂർണ്ണമായും നിയന്ത്രണവിധേയമാകാതെ നിലനില്ക്കുന്ന അവസ്ഥാ വിശേഷം ,ജില്ലയിലെ മിക്ക പഞ്ചായത്തുകളിലുമെന്നതു പോലെ സ്ഥാപനത്തിലുമുണ്ട്. ഇത് പരിഹരിക്കുന്നതിന് കോവിഡ് നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിഭാഗങ്ങളുടെ,പ്രത്യേകിച്ച് ആർ ആർ ടിമാർ, സെക്ടറൽ മജിസ്ട്രേറ്റ്, ഹെൽത്ത് വിഭാഗം ജീവനക്കാർ എന്നിവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും ,വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയാസമയങ്ങളിൽ നല്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിൽ അത്തരത്തിൽ നിരീക്ഷണ/ നിർദ്ദേശക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

2) കോവിഡ് പ്രതിരോധത്തിനായി തുടർന്നും പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതിനാൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തുകകൾ സമാഹരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ് എങ്കിലും ആയതിലേക്ക് നടപടികൾ സ്വീകരിച്ചിട്ടില്ല.

3) കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പ്രത്യേക അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട് എന്നിരിക്കെ നിലവിലും തനത് ഫണ്ട് മുഖേനയാണ് വരവ് ചെലവുകൾ നിർവ്വഹിക്കുന്നത്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുകകൾ 160100901 Donations Related To Pandemic/Epidemic Control എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ വരവ് വയ്ക്കുന്നില്ല. കോവിഡ് പ്രവർത്തനങ്ങൾക്കായി ആരംഭിച്ചിട്ടുള്ള പ്രത്യേക അക്കൗണ്ട് വഴി വരവ് ചെലവുകൾ നിർവ്വഹിക്കുന്നില്ല.
മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം.14/24.01.2022 )

## 1-16 സുഭിക്ഷകേരളം പദ്ധതി- ഫിഷറീസ് മേഘലയിൽ പദ്ധതി നടപ്പായില്ല

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. ഭക്ഷ്യോത്പാദന വർദ്ധനവിനൊപ്പം തൊഴിലും വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സ.ഉ(കൈ)നം.45/2020/ തസ്വഭവ തിയതി 6-3-2020 പ്രകാരം പ്രഖ്യാപിച്ച പന്ത്രണ്ടിന പരിപാടിയിലെ ലോക്കൽ എംപ്ലോയ്മെന്റ് അഷ്വറൻസ് പ്രോഗ്രാം, ഒരു കോടി ഫലവൃക്ഷ തൈകൾ നട്ടു വളർത്തൽ എന്നിവ സുഭിക്ഷ കേരളം പദ്ധതിയുമായി സംയോജിപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.
സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

മത്സ്യ കൃഷി നടപ്പായില്ല

2020-21 വർഷത്തിൽ മത്സ്യ കൃഷിക്കായി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച ഒരു പദ്ധതി പ്രകാരം 10,66,000 രൂപ വകയിരുത്തിയെങ്കിലും പദ്ധതി നടപ്പായില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.
പ്രോജക്ട് നം, പേര്- 232/21, പടുതാക്കുളം മത്സ്യകൃഷി സബ്സിഡി- വനിതമ
അടങ്കൽ തുക, ഫണ്ടിനം- 10,66,000 രൂപ ( വികസന ഫണ്ട് ജനറൽ- 2,07,000+ തനത് ഫണ്ട്- 1,21,000+ മറ്റുള്ളവ- 7,38,000)
തൻവർഷം സുഭിക്ഷ കേരളം പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാത്തതിന്റെ കാരണം, ഇത്തരം പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ടോ, ജനകീയാസൂത്രണത്തിൽ ഉൾപ്പെടുത്തി അടുത്ത വർഷമോ നടപ്പാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. (നം. 2/13.01.2022)
സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ലൈഫ് മിഷൻ- സമ്പൂർണ്ണ അവലോകനം

സംസ്ഥാനത്തെ എല്ലാ ഭവനരഹിതർക്കും ഭൂരഹിത-ഭവനരഹിതർക്കും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവർക്കും നിലവിലുള്ള ഭവനം വാസയോഗ്യമല്ലാത്തവർക്കും സുരക്ഷിതവും മാന്യവുമായ പാർപ്പിട സംവിധാനം ഒരുക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്) യുടെ ലക്ഷ്യം. ഭൂമിയുള്ള ഭവനരഹിതർ, ഭൂമിയില്ലാത്ത ഭവനരഹിതർ, ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ/ വാസയോഗ്യമല്ലാത്ത ഭവനം ഉള്ളവർ; പുറമ്പോക്കിലോ, തീരദേശ മേഖലയിലോ, തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ എന്നിവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ.ഉ(എം.എസ്) നം.151/2017 /തസ്വഭവ തിയതി 31-7-2017 പ്രകാരം ലൈഫ് മിഷൻ സമ്പൂർണ്ണ പാർപ്പിട പദ്ധതിയുടെ മാർഗ്ഗരേഖ അംഗീകരിച്ചിട്ടുണ്ട്.

ലൈഫ് മിഷന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് ഗുണഭോക്തൃ പട്ടിക അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ലൈഫ് മിഷൻ പദ്ധതി പ്രകാരം ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണം മാർഗ്ഗരേഖകൾക്ക് അനുസൃതമാണോ എന്ന് വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും ഓഡിറ്റ് നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

1) ഒന്നാം ഘട്ടം

വിവിധ പദ്ധതികൾ പ്രകാരം ആരംഭിച്ചതും അപൂർണ്ണമായി നിലനിന്നിരുന്നതുമായ ഒരു ഭവനത്തിന്റെ പൂർത്തീകരണമാണ് ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത് നടപ്പാക്കിയത്. ഒന്നാം ഘട്ട പ്രവർത്തനങ്ങൾ 2019-20 സാമ്പത്തിക വർഷത്തിലെ പദ്ധതിയിലൂടെ (പ്രോജക്ട് നം. 198/19-20) പൂർണ്ണമായും പൂർത്തീകരിച്ചു.

2) രണ്ടാം ഘട്ടം

സ.ഉ(കൈ)നം.34/2018/തസ്വഭവ തിയതി 16-3-2018 പ്രകാരം 2018-19 വർഷത്തെ ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ലൈഫ് മിഷന്റെ രണ്ടാമത് ഘടകമാണ് വ്യക്തിഗത ഭവനങ്ങളുടെ നിർമ്മാണം. അംഗീകൃത ഗുണഭോക്തൃ പട്ടികയിലുള്ള സ്വന്തമായി ഭൂമിയുള്ള എല്ലാ ഭവനരഹിതർക്കും ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് പക്ഷെ 2019-20, 2020-21 വർഷങ്ങളിലും പദ്ധതി നിർവ്വഹിക്കേണ്ടതായി വന്നിട്ടുണ്ട്. ഭവനങ്ങളുടെ വിസ്തീർണ്ണം 400 ച.അടി +/- 20% (പരമാവധി 420 ച.അടി) ആയിരിക്കേണ്ടതാണ്. നിലവിൽ 600 ച.അടി വരെ വിസ്തീർണ്ണത്തിൽ വീട് പൂർത്തീകരിച്ചവർക്കും അവസാന ഗഡു നൽകാവുന്നതാണ്.

3) ഭവന നിർമ്മാണം - യൂണിറ്റ് നിരക്ക്

4 ലക്ഷം രൂപയാണ് ഭവന നിർമ്മാണത്തിനായുള്ള ധനസഹായം. പട്ടിക വർഗ്ഗ സങ്കേതങ്ങളിലെ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയും ആവശ്യമെങ്കിൽ 20% തുക അധികമായും അനുവദിക്കാവുന്നതാണ്. ജനറൽ, പട്ടികജാതി വിഭാഗക്കാർക്ക് 4 ഗഡുക്കളായും പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 5 ഗഡുക്കളായും തുക അനുവദിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഒന്നാം ഗഡു വിതരണം ചെയ്തതു മുതൽ 6 മാസത്തിനുള്ളിൽ ഭവന നിർമ്മാണം പൂർത്തീകരിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

4) ഒന്നും രണ്ടാം ഘട്ടങ്ങൾ- വിവിധ വർഷങ്ങളിൽ ഏറ്റെടുത്ത പ്രവർത്തനങ്ങൾ

എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2 സർക്കിളുകളായാണ് പദ്ധതികൾ വി.ഇ.ഒ മാർ നിർവ്വഹണം നടത്തിയിട്ടുള്ളത്. 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലായി വിവിധ പദ്ധതികളിലൂടെ ഏറ്റെടുത്ത പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു.

വിവിധ വർഷങ്ങളിൽ ഏറ്റെടുത്ത പദ്ധതികൾ

| സാ. വർഷം | | പ്രോജക്ട് നം. | പേര് | വികസന ഫണ്ട് | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | സംസ്ഥാനാ വിഷ്കൃതം | ലോൺ KURDFC | ആകെ |
|---|---|---|---|---|---|---|---|---|---|
| 2017 -2018 | അട്ടക്കൽ | 215/18 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ) | 495,000 | 0 | 0 | 0 | 0 | 0 |
| | ആകെ | | | 495,000 | 0 | 0 | 0 | 0 | 0 |
| | ചെലവ് | 215/18 | -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ) | 495,000 | 0 | 0 | 0 | 0 | 0 |
| | ആകെ | | | 495,000 | 0 | 0 | 0 | 0 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 2018-2019 | അടങ്കൽ | 128/19 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ) | 30,000 | 0 | 0 | 0 | 0 | 0 |
| | | 203/19 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ) | 215,000 | 0 | 0 | 0 | 0 | 0 |
| | | 117/19 | ലൈഫ് ഹൗസിങ്ങ് പ്രോഗ്രാം (എസ്.സി) | 500,000 | | | 0 | 0 | 0 |
| | | 25/19 | ലൈഫ് മിഷൻ | 925,000 | 500,000 | 650,000 | 0 | 8,780,000 | 8,780,000 |
| | | 189/19 | ലൈഫ് മിഷൻ | 1,000,000 | 525,000 | 680,000 | 0 | 10,000,000 | 10,000,000 |
| | ആകെ | | | 2,670,000 | 1,025,000 | 1,330,000 | 0 | 18,780,000 | 18,780,000 |
| | ചെലവ് | 128/19 | പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ) | 30,000 | 0 | 0 | 0 | 0 | 0 |
| | | 203/19 | -പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം (ലൈഫ് മിഷൻ) | 215,000 | 0 | 0 | 0 | 0 | |
| | | 117/19 | ലൈഫ് ഹൗസിങ്ങ് പ്രോഗ്രാം (എസ്.സി) | 500,000 | 0 | 0 | 0 | 0 | 0 |
| | | 25/19 | ലൈഫ് മിഷൻ | 925,000 | 500,000 | 650,000 | 0 | 8,780,000 | 8,780,000 |
| | | 189/19 | ലൈഫ് മിഷൻ | 1,000,000 | 525,000 | 680,000 | 0 | 10,000,000 | 10,000,000 |
| | ആകെ | | | 2,670,000 | 1,025,000 | 1,330,000 | 0 | 18,780,000 | 18,780,000 |
| 2019-2020 | അടങ്കൽ | 147/20 | ലൈഫ് ഭവന പദ്ധതി ( എസ്.സി.പി) | 570,000 | 0 | 0 | 0 | 0 | 0 |
| | | 116/20 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 272,500 | 1,000,000 | 767,500 | 5,300,000 | 1,360,000 | 6,660,000 |
| | | 198/20 | ലൈഫ് മിഷൻ- പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ | 40,000 | 0 | 0 | 0 | 0 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | | പൂർത്തീ കരണം പദ്ധതി | | | | | | |
| | | 106/20 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 112,500 | 1,007,500 | 1,160,000 | 6,700,000 | 5,140,000 | 11,840,000 |
| | ആകെ | | | 995,000 | 2,007,500 | 1,927,500 | 12,000,000 | 6,500,000 | 18,500,000 |
| | ചെലവ് | 147/20 | ലൈഫ് ഭവന പദ്ധതി ( എസ്.സി.പി) | 570,000 | 0 | 0 | 0 | 0 | 0 |
| | | 116/20 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 272,500 | 1,000,000 | 767,500 | 5,300,000 | 1,360,000 | 6,660,000 |
| | | 198/20 | ലൈഫ് മിഷൻ-പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം പദ്ധതി | 40,000 | 0 | 0 | 0 | 0 | 0 |
| | | 106/20 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 112,500 | 1,007,500 | 1,160,000 | 6,700,000 | 5,140,000 | 11,840,000 |
| | ആകെ | | | 995,000 | 2,007,500 | 1,927,500 | 12,000,000 | 6,500,000 | 18,500,000 |
| 2020-2021 | അടങ്കൽ | 31/21 | ലൈഫ് ഭവന പദ്ധതി എസ്സി | 1,769,000 | 0 | 0 | 0 | 0 | 0 |
| | | 33/21 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 256,494 | 423,506 | 360,000 | 1,300,000 | 1,940,000 | 3,240,000 |
| | | 223/21 | ലൈഫ് ഭവന പദ്ധതി എസ്.സി | 0 | 922,000 | 0 | 0 | 0 | 0 |
| | | 272/21 | ലൈഫ് ഭവനം - എസ്.സി അഡീഷണൽ ലിസ്റ്റ് | 0 | 0 | 0 | 0 | 0 | 0 |
| | | 36/21 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 145,000 | 535,000 | 260,000 | 300,000 | 260,000 | 560,000 |
| | ആകെ | | | 2,170,494 | 1,880,506 | 620,000 | 1,600,000 | 2,200,000 | 3,800,000 |
| | ചെലവ് | 31/21 | ലൈഫ് ഭവന പദ്ധതി എസ്.സി | 1,769,000 | 0 | 0 | 0 | 0 | 0 |
| | | 33/21 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 256,494 | 423,506 | 360,000 | 1,300,000 | 1,940,000 | 3,240,000 |
| | | 223/21 | ലൈഫ് ഭവന പദ്ധതി എസ്.സി | 0 | 922,000 | 0 | 0 | 0 | 0 |
| | | 271/21 | ലൈഫ് ഭവനം – എസ്.സി അഡീഷണൽ ലിസ്റ്റ് | 0 | 0 | 0 | 0 | 0 | 0 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 36/21 | ലൈഫ് മിഷൻ ഭവന പദ്ധതി (ജനറൽ) | 145,000 | 535,000 | 260,000 | 300,000 | 260,000 | 560,000 |
| | ആകെ | | 2,170,494 | 1,880,506 | 620,000 | 1,600,000 | 2,200,000 | 3,800,000 |

5) ലൈഫ് മിഷൻ- രണ്ടാം ഘട്ടം സംഗ്രഹം

എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ ലൈഫ് മിഷൻ രണ്ടാം ഘട്ട പദ്ധതികളിലൂടെ ഗൃഹനിർമ്മാണം പൂർത്തിയാക്കിയതും പൂർത്തിയാക്കുവാൻ അവശേഷിക്കുന്നതുമായ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു. 2020-21 സാമ്പത്തിക വർഷാവസാനത്തിൽ 58 പേർ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി അവശേഷിക്കുന്നുണ്ട്. രണ്ടാം ഘട്ട പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്.

| ഗുണഭോക്താക്കൾ | എഗ്രിമന്റ് വച്ചത് | പൂർത്തിയാക്കിയവർ | പൂർത്തിയാക്കുവാൻ അവശേഷിക്കുന്നവർ |
|---|---|---|---|
| ജനറൽ | 143 | 88 | 55 |
| എസ്.സി | 13 | 10 | 3 |
| ആകെ | 156 | 98 | 58 |

6) ലൈഫ് മിഷൻ രണ്ടാം ഘട്ടം എം.ഐ.എസ്സിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവരം

രണ്ടാം ഘട്ടത്തിലേക്കായി ലൈഫ് മിഷൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നിലവിലെ വിവരം ചുവചെ ചേർക്കുന്നു. 2021-22 യിലെ പദ്ധതികളിലൂടെ ആനുകൂല്യം ലഭ്യമായവരുടേതുൾപ്പെടെയുള്ള വിവരമാമാണ് പട്ടികപ്പെടുത്തിയിട്ടുള്ളത്.

| ലൈഫ് മിഷൻ ഫേസ് 2 ഗുണഭോക്താക്കളുടെ വിവരം | | | | | |
|---|---|---|---|---|---|
| വിഭാഗം | ആകെ | അർഹതപ്പെട്ടവർ (എഗ്രിമന്റ് വെച്ചത്) | ആനുകൂല്യം കൈപ്പറ്റിയവർ | ആനുകൂല്യം പൂർണ്ണമായും കൈപ്പറ്റിയവർ | ആനുകൂല്യം കൈപ്പറ്റാത്തവർ |
| ജനറൽ | 218 | 139 | 139 | 1 | 79 |
| എസ്.സി | 25 | 19 | 17 | 0 | 8 |
| ആകെ | 243 | 158 | 156 | 1 | 87 |

വെബ് സാംഖ്യയിൽ നിന്നുള്ള ട്രഷറി ബില്ലുകൾ പ്രകാരം 98 ഗുണഭോക്താക്ക് പൂർണ്ണമായും തുകകൾ കൈമാറിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ഒരു ഗുണഭോക്താവിന് മാത്രമാണ് പൂർണ്ണമായും തുക കൈപ്പറ്റിയതായി എം.ഐ.എസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റുന്നതിന്റെ വിവരം എം.ഐ.എസിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച്ച വരുത്തുന്നതിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റിയതിന്റെ വിവരം തുക നൽകുന്ന മുറയ്ക്ക് ലൈഫ് മിഷൻ എം.ഐ.എസിൽ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

7) ഭവനം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ വിവരം

വെബ് സാംഖ്യയിൽ നിന്നുള്ള ബില്ലുകൾ, ഗുണഭോക്തൃ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ 2020-21 സാമ്പത്തിക വർഷാവസാനത്തിൽ തുകകൾ കൈപ്പറ്റുന്നതിനും നിർമ്മാണം പൂർത്തീകരിക്കുന്നതിനുമായി 58 പേർ അവശേഷിക്കുന്നതായി കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | | അക്കൗണ്ട് നം | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|
| | ഇംഗ്ലീഷിൽ | മലയാളത്തിൽ | | | |
| 1 | RENUKA | രേണുക | 179271 | 40000.00 | 360000 |
| 2 | PRIYA | പ്രിയ | 20379218316 | 340000.00 | 60000 |
| 3 | SUNITHA | സുനിത | 1317108016190 | 300000.00 | 100000 |
| 4 | Preetha M | പ്രീത. എം | 578101000320 | 240000.00 | 160000 |
| 5 | DIVIYA C | ദിവ്യ സി | 578101001438 | 340000.00 | 60000 |
| 6 | RAJANI | രജനി | 578101001778 | 200000 | 200000 |

| | | | | | |
|---|---|---|---|---|---|
| 7 | Prasanna | പ്രസന്ന | 5781101002134 | 300000 | 100000 |
| 8 | MEENAMBIKA | മീനാംബിക | 5781101002403 | 340000.00 | 60000 |
| 9 | AJITHA K | അജിത കെ | 5781101002404 | 340000.00 | 60000 |
| 10 | SUNITHA K | സുനിത കെ | 5781101002434 | 340000 | 60000 |
| 11 | KALYANI | കല്യാണി | 5781101002436 | 340000 | 60000 |
| 12 | SUNDARI.M | സുന്ദരി എം | 5781101002437 | 340000 | 60000 |
| 13 | Sunila | സുനില | 5781101003614 | 360000 | 40000 |
| 14 | Geethadevi | ഗീതാദേവി | 5781108000019 | 340000 | 60000 |
| 15 | Badharneesa | ബദർന്നീസ | 5781110000077 | 240000.00 | 160000 |
| 16 | Nadarajan | നടരാജൻ | 5781110000134 | 300000.00 | 100000 |
| 17 | Renukadevi.S | രേണുകാദേവി എസ് | 5781110000561 | 40000 | 360000 |
| 18 | Manju | മഞ്ജു | 5781119000437 | 340000 | 60000 |
| 19 | ANITHA V | അനിത വി | 5781119000716 | 360000 | 40000 |
| 20 | VIJAYAKUMARI.C | വിജയകുമാരി സി | 5781119000729 | 200000 | 200000 |
| 21 | KUMARI | കുമാരി | 5781119000836 | 360000 | 40000 |
| 22 | USHAKUMARI | ഉഷാകുമാരി | 10860100151070 | 340000.00 | 60000 |
| 23 | SOBHANA | ശോഭന | 015603600017073 | 340000.00 | 60000 |
| 24 | Bhagyam | ഭാഗ്യം | 36053000041143 | 360000 | 40000 |
| 25 | Vellathay | വല്ലതി | 4296001700004308 | 300000 | 100000 |
| 26 | GEETHALAKSHMI | ഗീതാലക്ഷ്മി | 4296001700015838 | 340000.00 | 60000 |
| 27 | SUMA | സുമ | 4296001700021398 | 340000 | 60000 |
| 28 | JAYAPRABHA | ജയപ്രഭ | 4331000100032696 | 340000.00 | 60000 |
| 29 | MUKUNDHAKUMARI | മുകുന്ദകുമാരി | 4331000100040765 | 340000.00 | 60000 |
| 30 | Chandrika | ചന്ദ്രിക | 4331000100042417 | 320000.00 | 80000 |
| 31 | RUGMANI | രുഗ്മണി | 4331000100048004 | 300000 | 100000 |
| 32 | RAJANI M | രജനി എം | 4331000100048730 | 340000.00 | 60000 |
| 33 | VASANTHAKUMARU BINDU | വസന്തകുമാരു ബിന്ദു | 4331000100049146 | 340000.00 | 60000 |
| 34 | NISHA | നിഷ | 4331000100052487 | 340000.00 | 60000 |
| 35 | SUNITHA | സുനിത | 4331000100058038 | 340000.00 | 60000 |
| 36 | BINDHU | ബിന്ദു | 4331000100058384 | 340000.00 | 60000 |
| 37 | Maniyan.M | മണിയൻ | 4331000100062563 | 340000 | 60000 |
| 38 | AMBIKA M | അംബിക | 4331000100067230 | 200000 | 200000 |
| 39 | PRASEETHA A | പ്രസീത എ | 4331000100069104 | 360000 | 40000 |
| 40 | SREEDEVI S | ശ്രീദേവി എസ് | 4331000100069706 | 340000.00 | 60000 |
| 41 | VALLIYAMMA | വള്ളിയമ്മ | 4331000100069919 | 380000 | 20000 |
| 42 | SOBHANA K | ശോഭന കെ | 4331001700000827 | 340000.00 | 60000 |
| 43 | RENUKA | രേണുക | 4331001700009271 | 320000 | 80000 |
| 44 | DAKSHAYANI | ദാക്ഷായണി | 4331001700009615 | 340000.00 | 60000 |
| 45 | Thankamani | തങ്കമണി | 4331001700009648 | 340000.00 | 60000 |
| 46 | GEETHA M | ഗീത എം | 4331001700009693 | 340000.00 | 60000 |
| 47 | KUMARI M | കുമാരി എം | 4331001700009994 | 340000.00 | 60000 |
| 48 | PADMAM | പദ്മം | 4331001700011560 | 340000.00 | 60000 |
| 49 | SUNITHA | സുനിത | 4331001700012587 | 340000 | 60000 |
| 50 | RASYAMMA S | രാശിയമ്മ | 4331001700013090 | 340000.00 | 60000 |
| 51 | AMBHIKA | അംബിക | 4331001700014008 | 340000.00 | 60000 |
| 52 | CHITHRA | ചിത്ര | 4331001700014567 | 360000.00 | 40000 |
| 53 | Vinitha | വിനിത | 4331001700017625 | 200000.00 | 200000 |

| | | | | | |
|---|---|---|---|---|---|
| 54 | KOMALAM | കോമളം | 4331001700019322 | 340000.00 | 60000 |
| 55 | Pushpa | പുഷ്പ | 4331001700019739 | 340000 | 60000 |
| 56 | Latha .K | ലത കെ | 4331001700021628 | 360000.00 | 40000 |
| 57 | Latha.R | ലത ആർ | 4331001700022706 | 340000.00 | 60000 |
| 58 | Devu | ദേവു | 4331001700022858 | 360000 | 40000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 58 ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിർമ്മാണം പൂർത്തികരിക്കുന്നതിനും ബാക്കി തുക നിയമാനുസൃതം കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സാംഖ്യ ബില്ലുകളിലെയും രജിസ്റ്ററിലേയും കണക്കുകൾ തമ്മിൽ പൊരുത്തപെടാത്തതിനാൽ ബില്ലുകളിലൂടെ കൈമാറിയ തുകകളുടെ അടിസ്ഥാനത്തിലാണ് മേൽ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ രേഖപ്പെടുത്തിയ കണക്കുകളും പൊരുത്തപ്പെടുന്നില്ല.

8) സർക്കാർ വിഹിതം ബി

സർക്കാർ വിഹിതമായി ഓരോ ഗുണഭോക്താവിനും 1 ലക്ഷം രൂപ വീതം ലഭ്യമാകുമെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സംസ്ഥാന വിഹിതമായി ലഭിച്ചതും ചെലവായതുമായ തുകകളുടെ വിവരം

| സാമ്പത്തിക വർഷം | വരവ് | ചെലവ് | ബാലൻസ് |
|---|---|---|---|
| 2018-19 | 0 | 0 | 0 |
| 2019-20 | 1,30,00,000 | 1,20,00,000 | 10,00,000 |
| 2020-21 | 7,00,000 | 16,00,000 | 1,00,000 |
| ആകെ | 1,37,00,000 | 1,36,00,000 | 1,00,000 |

9) KURDFC ലോൺ വിവരം

| സാമ്പത്തിക വർഷം | ചെലവ് തുക |
|---|---|
| 2018-19 | 1,87,80,000 |
| 2019-20 | 65,00,000 |
| 2020-21 | 22,00,000 |

10) മോണിറ്ററിംഗ്

ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി ഉറപ്പാക്കേണ്ടതിന്റെ പൂർണ്ണ ചുതമതല സെക്രട്ടറിക്കാണ്. ഭൂമിയുള്ള ഭവന രഹിതരുടെ വ്യക്തിഗത ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ മേൽനോട്ടച്ചുമതലയും സെക്രട്ടറിക്കാണ്. രണ്ടാം ഘട്ടത്തിൽ ഏറ്റെടുത്ത പദ്ധതി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

11) നിർദ്ദേശങ്ങൾ

1. ലൈഫ് മിഷൻ പാർപ്പിട സുരക്ഷ പദ്ധതി (ജനറൽ, എസ്.സി.പി & ടി.എസ്.പി) പ്രകാരമുള്ള ഗുണഭോക്താക്കൾ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ചമച്ച കരാറിലെ ഖണ്ഡിക 4 പ്രകാരം 6 മാസത്തിനകം ഭവനനിർമ്മാണം പൂർത്തിയാക്കുന്നതാണെന്നും ഖണ്ഡിക 7 പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവൃത്തി പൂർത്തിയാക്കുമെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക 12% പലിശ സഹിതം തിരികെ നൽകാൻ ബാധ്യസ്ഥനാണെന്നും സമ്മതിച്ചിട്ടുണ്ട്. ആയതിനാൽ ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനോ, പൂർത്തിയാക്കാത്ത പക്ഷം തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഭവന നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്ന 58 ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ നിർമ്മാണം പൂർത്തികരിക്കുന്നതിനും ബാക്കി തുക നിയമാനുസൃതം കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. 58 പേർക്കും തുകകൾ കൈമാറി ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയവർക്ക് തുകകൾ കൈമാറിയതിന്റെ സാംഖ്യ ബില്ലുകൾ ഓഡിറ്റിന് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3. വെബ് സാംഖ്യയിൽ നിന്നുള്ള ട്രഷറി ബില്ലുകൾ പ്രകാരം 98 ഗുണഭോക്താക്ക് പൂർണ്ണമായും തുകകൾ കൈമാറിയതായി പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. പക്ഷെ ഒരു ഗുണഭോക്താവിന് മാത്രമാണ് പൂർണ്ണമായും തുക കൈപ്പറ്റിയതായി എം.ഐ.എസിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റുന്നതിന്റെ വിവരം എം.ഐ.എസിൽ രേഖപ്പെടുത്തുന്നതിൽ വീഴ്ച്ച വരുത്തുന്നുണ്ട്. ഗുണഭോക്താക്കൾ ഗഡുക്കൾ കൈപ്പറ്റിയതിന്റെ വിവരം തുക നൽകുന്ന മുറയ്ക്ക് ലൈഫ് മിഷൻ എം.ഐ.എസിൽ രേഖപ്പെടുത്തുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
4. 2021-22 വർഷങ്ങളിലേക്ക് തുടർന്നു വന്നിട്ടുള്ള രണ്ടാം ഘട്ട പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ഉണ്ടാവേണ്ടതാണ്. മൂന്നാം ഘട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 9/22.01.2022

## 1-18 പാലിന് സബ്സിഡി - വികസനഫണ്ടിൽ നിന്നും നാമമാത്രമായ തുക വകയിരുത്തുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ-ഡയറി എക്സ്റ്റൻഷൻ ഓഫീസർ

2020-2021 വർഷത്തിൽ പുതിയ ഒരു പദ്ധതിയും 2019-20 വർഷത്തെ ബിൽ ക്യൂ-ബിൽ ആയതിനാൽ പദ്ധതി സ്പിൽ ഓവറായും നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ചെലവുരേഖകൾ പരിശോധിച്ചതിൽ തുച്ഛമായ തുകയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളതെന്ന് കണ്ടെത്തി. പഞ്ചായത്തിലുള്ള 2ക്ഷീരസംഘങ്ങളിലായി പാലളക്കുന്ന ക്ഷീരകർഷകർക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്. സബ്സിഡി മാർഗരേഖപ്രകാരം ഒരു ലിറ്റർ പാലിന് പരമാവധി 4 രൂപ നിരക്കിൽ സബ്സിഡി നല്കാവുന്നതാണെങ്കിലും ഒരു രൂപ നിരക്കിൽ വളരെ കുറച്ച് മാസങ്ങൾ മാത്രമാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത് എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് | ബിൽ നം. | സബ്സിഡിയായി തുക നല്കിയ മാസങ്ങൾ |
|---|---|---|---|---|---|
| 157/21 | പാലിന് സബ്സ്ഡി-(സ്പിൽ ഓവർ) (2019-20 വർഷത്തെ തുക അനുവദിക്കുന്നതിനുള്ള പദ്ധതി) | 350000 (വികസന ഫണ്ട്-250000 ജില്ലാ.പ. വിഹിതം-100000) | 350000 | 1/23.9.20-250000, | 2019 ഏപ്രിൽ മെയ് മാസങ്ങളിൽ 3/- രൂപ പ്രകാരം |
| | | | | 20140652025 300160112 /14.5.20-100000 | 2019 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ 1/- രൂപ പ്രകാരം |
| 266/21 | പാലിന് സബ്സിഡി (NEW) | 100100 (വികസനഫണ്ട് -100, ജില്ലാ പ. വിഹിതം-100000) | 100100 | 2/20.3.21-100/- 3/28.3.21-100000 | 2020 ഏപ്രിൽ മെയ് മാസങ്ങളിൽ 1/- രൂപ നിരക്കിൽ |

| | | | | | |
|---|---|---|---|---|---|
| | | | | | 226 കർഷകർക്ക് നൽകിയത് |

2020-21 വർഷത്തിലെ പുതിയ പദ്ധതി പ്രകാരം വികസനഫണ്ടിൽ നിന്നും ഉൽപാദന മേഖലയിൽ ക്ഷീരകർഷകർക്കായി വകയിരുത്തിയത് കേവലം 100/- രൂപ മാത്രമാണ്. തുച്ഛമായ തുക വകയിരുത്തിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

മുഴുവൻ കാലയളവിലേക്കും ആവശ്യമായ തുക വകയിരുത്തി ആനുകൂല്യം നൽകാതിരുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.17/27-1-2022) നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. പ്രതിപാദ്യ വിഷയത്തിനുമേലുള്ള മറുപടി സമർപ്പിക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥനായ ഡയറി എക്സ്റ്റൻ ഓഫീസർക്ക് കൈമാറിയിട്ടുണ്ടെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കി. പ്രൊജക്റ്റ് നിർവ്വഹണത്തിന്റെ ഭാഗമായി മോണിറ്ററിംഗ് കാര്യക്ഷമമാക്കി ഫലപ്രാപ്തി വിലയിരുത്തേണ്ടതാണ്. തുടർന്നുള്ള വർഷങ്ങളിൽ പദ്ധതി ആസൂത്രണവും നിർവ്വഹണവും വിലയിരുത്തലും കാര്യക്ഷമമാക്കേണ്ടതാണ്.

1-19 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

മറ്റ് ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 10/21 | വിവിധ വാർഡുകളിൽ പോസ്റ്റ് മാറ്റൽ | 37/20.2.21 വികസനഫണ്ട് | 85883 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലങ്കോട് |
| 2 | 45/21 | ജലജീവൻ മിഷന് വിഹിതം നൽകൽ | 45/12.2.21-292500/- | 292500 | കേരള വാട്ടർ അതോറിറ്റി |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16/27.1.2022) ക്രമ നം. 1 പ്രകാരം നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം കെ എസ് ഇ ബിയിൽ നിന്നും ലഭ്യമാക്കുകയും ക്രമ നം.2 പ്രകാരമുള്ള 292500/- രൂപയുടെ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ല എന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-20 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല.

മരുതക്കളം കുടിവെള്ള പദ്ധതി, കൗണ്ടത്തറ കുടിവെള്ള പദ്ധതി എന്നീ രണ്ട് പദ്ധതികൾ ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്നുണ്ട്. കുടിവെള്ള പദ്ധതികളുടെ കറണ്ട് ചാർജ്, പമ്പ് ഓപ്പറേറ്റർ

വേതനം, മെയിന്റനൻസ് ചെലവ് എന്നീയിനങ്ങൾക്കായി തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നുണ്ട്. മരുതക്കളം പദ്ധതിയുടെ കീഴിൽ 53 കുടിവെള്ളകണക്ഷനുകളും കൗണ്ടത്തറ പദ്ധതിയുടെ കീഴിൽ 259 കണക്ഷനുമാണുള്ളത്.

ഓരോ കണക്ഷനിൽനിന്നും പ്രതിമാസം 67/- രൂപയാണ് ഈടാക്കുന്നത്. മീറ്റർ റീഡിംഗ് നടത്തി ഉപയോഗിക്കുന്ന അധികവെള്ളത്തിന് തുക ഈടാക്കുന്നില്ല. ഈ പദ്ധതികളിൽ നിന്നും ഓഡിറ്റ് വർഷത്തിൽ കുടിശ്ശികയുൾപ്പെടെ 96882/- രൂപയാണ് വരവുള്ളത്. വെള്ളക്കരമിനത്തിൽ ആകെ 1227641/- രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കുടിശ്ശികയുടെ വിവരം വ്യക്തമാക്കുന്നതിന് ഗുണഭോക്താക്കളുടെ കൃത്യമായ വിവരം രേഖപ്പെടുത്തി അരിയർ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (സാധാ) 1275/2009 / ത.സ്വ.ഭ.വ തീയ്യതി 30.05. 2009പ്രകാരം കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്, സംരക്ഷണം എന്നിവ ഗുണഭോക്തൃസമിതി രൂപീകരിച്ച് ഏല്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായും കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതികൾക്ക് കൈമാറിയിട്ടില്ല. പദ്ധതികൾ സമിതികൾക്ക് കൈമാറാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/27.1.22) കുടിശ്ശിക തുക ഈടാക്കിയതിനുശേഷം ഏപ്രിൽ 2022 മുതൽ കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ കമ്മറ്റിക്ക് കൈമാറുന്നതിന് 10.1.22 തീയതിയിൽ തീരുമാനം എടുത്തിട്ടുണ്ടെന്ന് മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട ചെലവിന്റെ വിവരങ്ങൾ

| | 2019-20 | 2020-21 |
|---|---|---|
| വൈദ്യുതി ചാർജ്ജുസ് | 97852 | 32661 |
| ആസ്തി പരിപാലന ചെലവ് | 9694 | 43197 |
| പമ്പ് ഓപ്പറേറ്റർമാരുടേയും, പ്ലംബറുടേയും വേതനം | 148800 | 140000 |
| ആകെ | 256346 | 215858 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

- കുടിശ്ശിക തുക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 തെരുവ് വിളക്ക് പരിപാലനം-മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

കൊല്ലങ്കോട് സെക്ഷന്റെ കീഴിലാണ് ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ സ്ഥിതി ചെയ്യുന്നത്. ഓഡിറ്റ് കാലയളവിൽ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. കൊല്ലങ്കോട് സെക്ഷനുകീഴിലുള്ള 24 കൺസ്യൂമർ നമ്പറുകളിലായാണ് തെരുവ് വിളക്കുകൾ ഉള്ളത്. ഇതിൽ 1165103008051 എന്ന കൺസ്യൂമർ നമ്പറിലുൾപ്പെട്ട തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടില്ല. തെരുവ് വിളക്കുകളിലെ ബൾബുകളുടെ എണ്ണവും, തരവും അനുസരിച്ചുള്ള താരിഫ് റേറ്റിന്റെ അടിസ്ഥാനത്തിൽ 12 മണിക്കൂർ പ്രവർത്തിക്കുന്ന എന്ന നിഗമനത്തിലാണ് ഈ കൺസ്യൂമർ നമ്പറിനുകീഴിലുള്ള വിളക്കുകൾക്ക് പഞ്ചായത്ത് വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നത്. പ്രതിമാസം ഏകദേശം 21000/- രൂപ നിരക്കിൽ വൈദ്യുതചാർജ് ഒടുക്കുന്നുണ്ട്. ഈ കൺസ്യൂമർ നമ്പരിൽ ഉൾപ്പെട്ട തെരുവ് വിളക്കുകളുടെ വിവരം വ്യക്തമാക്കുന്ന രേഖകൾ കെ എസ് ഇ ബി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഇതിലുള്ള വിളക്കുകളുടെ തരം, നിശ്ചയിച്ച നിരക്ക് എന്നിവ വ്യക്തമല്ല. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ ഒടുക്കിയ വൈദ്യുതിചാർജിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2019-20 | 421886 |
| 2020-21 | 481983 |

സംയുക്ത പരിശോധനയുടെയും മീറ്ററിംഗ് ഏർപ്പെടുത്താത്തതിന്റെയും വിവരങ്ങൾ ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20/27.1.2022) സംയുക്തപരിശോധന നടത്തുന്നതിന് കെ എസ് ഇ ബിക്ക് കത്ത് നൽകിയിട്ടുണ്ടെന്നും തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററും പരാതി രജിസ്റ്ററും ഇനിമുതൽ സൂക്ഷിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരും, പഞ്ചായത്ത് അധികൃതരും ഒരു സംയുക്ത പരിശോധനയിലൂടെ പ്രവർത്തനക്ഷമവും അല്ലാത്തതുമായ തെരുവ് വിളക്കുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ തെരുവ് വിളക്കുകളുടെ രജിസ്റ്റർ കാലികമാക്കേണ്ടതുമാണ്.

2) എല്ലാ തെരുവു വിളക്കുകളും മീറ്ററിംഗിനു കീഴിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) വാറണ്ടി ഉള്ള ലാമ്പുകൾ കേടുപാടുകൾ സംഭവിച്ചാൽ ഏജൻസികൾ മുഖേന മാറ്റി സ്ഥാപിക്കേണ്ടതാണ്. വാറണ്ടി ഉള്ള ലാമ്പുകളുടെ റിപ്പയർ വാർഷിക അറ്റകുറ്റപ്പണികളിൽ നടത്തുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4) തെരുവു വിളക്കുകളുടെ റിപ്പയറും പരിപാലനവും നടത്തുന്നതിനായി പുറപ്പെടുവിച്ച സർക്കുലർ നം.3055/ഡി.എ3/2011/തസ്വഭവ. തിയതി 15.9.2011 ലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5) തെരുവു വിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിന് സ.ഉ(കൈ)നം.202/2020/തസ്വഭവ തിയതി 25-12-2020 പ്രകാരം നിലവിൽ വന്ന നിലാവ് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 1-22 തെരുവു വിളക്കുകളുടെ റിപ്പയർ -പദ്ധതി നിർവ്വഹിച്ചതിലെ അപാകതകൾ

തെരുവ് വിളക്ക് റിപ്പയറിംഗിനായി രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)178/21 തെരുവ് വിളക്ക് റിപ്പയർ(സ്പിൽ ഓവർ)

| | |
|---|---|
| അടങ്കൽ | 162232 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് ) |
| ബിൽ നം. തുക | 109480/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഈ പദ്ധതിക്കായി ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത കണ്ടമുത്തൻ കെ എന്ന വ്യക്തിക്ക് പ്രവൃത്തി നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ 140/- രൂപ നിരക്കിൽ റിപ്പയർ ചെയ്യുന്നതിന് 4.10.19 ലെ 1/1 നം. തീരുമാനം എടുത്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 782 വിളക്കുകൾ റിപ്പയർ ചെയ്തതിന് 140/- രൂപ പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

2)22/21 തെരുവ് വിളക്ക് റിപ്പയർ(New)

| | |
|---|---|
| അടങ്കൽ | 150000 (ധനകാര്യകമ്മീഷൻ ഗ്രാന്റ് ) |
| ബിൽ നം. തുക | 32/5.11.20-47740/-<br>38/31.12.20-19880/- |

| | |
|---|---|
| | 59/28.3.21-6440/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഈ പദ്ധതിക്കായി ടെണ്ടർ നടത്തി കുറവ് നിരക്ക് ക്വാട്ട് ചെയ്ത കണ്ടമുത്തൻ കെ എന്ന വ്യക്തിക്ക് തെരുവ് വിളക്കുകൾ 140/- രൂപ നിരക്കിൽ റിപ്പയർ ചെയ്യുന്നതിന് 9.6.20 ലെ 3/2 നം. തീരുമാനമെടുത്തിട്ടുണ്ട്. ആയത് പ്രകാരം ടിയാനെ പ്രവർത്തി ഏൽപിച്ചു. ഈ പദ്ധതി പ്രകാരം 529 വിളക്കുകൾ റിപ്പയർ ചെയ്തതിന് 140/- രൂപ പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ രണ്ട് പദ്ധതികളിലും കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

- കരാറുകാരനുമായി നിയമാനുസൃതമുള്ള കരാർ ചമച്ചതിന്റെ രേഖകൾ സൂക്ഷിച്ചിട്ടില്ല
- തെരുവ് വിളക്കുകളുടെ റിപ്പയർ അനുവദിക്കുന്ന കരാറുകാരന് ബി ക്ലാസ് ലൈസൻസ് ആവശ്യമാണ്. എന്നാൽ ഈ പദ്ധതിയിൽ കരാറുകാരന്റെ ലൈസൻസ് വാങ്ങി സൂക്ഷിച്ചിട്ടില്ല.
- കരാറുകാരന്റെ ബില്ലിൽ നിന്നും ആദായ നികുതി ഈടാക്കാതെയാണ് തുക അനുവദിച്ചിട്ടുള്ളത്.
- റിപ്പയർ നടത്തിയതായി വാർഡ് മെമ്പർമാർ സാക്ഷ്യപത്രം നൽകിയിട്ടുണ്ടെങ്കിലും റിപ്പയർ നടത്തുന്നതിനുമുമ്പ് കെ എസ് ഇ ബിയെ അറിയിക്കുകയോ അനുമതി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. റിപ്പയർ നടത്തിയതായി കെ എസ് ഇ ബിയിൽ നിന്നും സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
- കേടായ തെരുവ് വിളക്കുകൾ മാറ്റിയത് ഗ്രാമപഞ്ചായത്തിൽ തിരിച്ചേൽപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. ഇതു സംബന്ധിച്ച് സ്റ്റോക്ക് റജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- തെരുവ് വിളക്കുകളുടെ റിപ്പയറുമായി ബന്ധപ്പെട്ട് പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/27.1.2022) ഈ വിഷയവുമായി ബന്ധപ്പെട്ട് രേഖകൾ സഹിതം ഉടനെതന്നെ മറുപടി സമർപ്പിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-23 ആശ്രയ/അഗതിരഹിതകേരളം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം

നിർവ്വഹണോദ്യോഗസ്ഥൻ-കുടുംബശ്രീ ചാർജ് ഓഫീസർ(സെക്രട്ടറി)

സമൂഹത്തിലെ ഏറ്റവും നിരാലംബരായ വ്യക്തികളെ കണ്ടെത്തി അവരെ അഗതി രഹിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അവർക്കാവശ്യമായ സേവനപരിചരണ പാക്കേജുകൾ നൽകുന്നതിനും സ.ഉ (എം.എസ്) നം.252/2017/തസ്വഭവ,തീയതി 12.12.2017 പ്രകാരം മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ അഗതികൾക്കായി ആവിഷ്കരിച്ച പദ്ധതികൾ പരിശോധിച്ചതിൻമേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

അഗതി രഹിതപദ്ധതി പ്രകാരം ആകെ 266ഗുണഭോക്താക്കളാണ് ഉള്ളത്. എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം അവസാനിച്ചതിനുശേഷം സർവ്വെയുടെ അടിസ്ഥാനത്തിൽ KS/L/251/2019, 9.3.2019 പ്രകാരം അഗതിരഹിതകേരളം പദ്ധതിയുടെ ആക്ഷൻ പ്ലാനും ഗുണഭോക്തൃലിസ്റ്റും അംഗീകരിച്ച് ലഭ്യമായിട്ടുണ്ട്. അഗതി രഹിത കേരളം പദ്ധതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം ആകെ 266കുടുംബങ്ങളാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉള്ളത്. ഭക്ഷണം ഒഴികെ മറ്റു പ്രധാന ഘടകങ്ങൾ ആവശ്യമുള്ള അഗതി കുടുംബങ്ങളുടെ വിവരം താഴെ കൊടുക്കുന്നു. നിലവിൽ ഭക്ഷ്യധാന്യ വിതരണ പദ്ധതിക്ക് മാത്രമാണ് തുക വിനിയോഗിക്കുന്നത്.

| ക്രമ നം. | ഇനം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വീട് ആവശ്യമുള്ളവർ | 5 |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 1 |

| | | |
|---|---|---|
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 5 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | 4 |
| 5 | കക്കൂസ് ആവശ്യമുള്ളവർ | - |
| 6 | കറണ്ട് കണക്ഷൻ ആവശ്യമുള്ളവർ | 4 |
| 7 | മരുന്ന് | 221 |
| 8 | വിദ്യാഭ്യാസം | 87 |

അഗതി രഹിതകേരളം ആക്ഷൻ പ്ലാൻ പ്രകാരം 8496750 രൂപയാണ് ആകെ അടങ്കൽ കണക്കാക്കിയിട്ടുള്ളത്. ആശ്രയ അക്കൗണ്ടിൽ ഉണ്ടായിരുന്ന ചലഞ്ച് ഫണ്ട് തുക അഗതിരഹിതകേരളം പദ്ധതിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പദ്ധതി | ചെലവഴിച്ച തുക | ബിൽനം. |
|---|---|---|---|
| 2019-20 | ആശ്രയപദ്ധതി | 250000 | 26/2.2.20 |
| 2020-21 | ആശ്രയപദ്ധതി | 250000 | 14/18.8.20 |

മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരമുള്ള തുകകൾ പിൻവലിച്ച് അഗതി രഹിതകേരളം പദ്ധതിക്കായുള്ള ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് നം.5781101002853) നിക്ഷേപിച്ചിട്ടുണ്ട്. ഈ അക്കൗണ്ടിലേക്ക് ചലഞ്ച് ഫണ്ടായി ലഭ്യമായ തുക 798432/- രൂപയും നിക്ഷേപിച്ചിട്ടുണ്ട്. ഭക്ഷ്യകിറ്റ് വിതരണം മാത്രമാണ് അഗതി രഹിത കേരളം പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി ഫണ്ട് കുടുംബശ്രീ അക്കൗണ്ടിൽ നിക്ഷേപിച്ച് ഓരോ മാസവും സപ്ലൈകോയിൽ നിന്ന് ഭക്ഷ്യകിറ്റ് വിതരണം നടത്തുന്നതിന് ചെലവ് നടത്തുന്നതിനാൽ പദ്ധതി ഫണ്ടിൽ നിന്നും എത്ര തുക ചെലവായി എന്നതിന് വ്യക്തതയില്ല.

സ.ഉ (എം.എസ്)22/2018/ത.സ്വ.ഭ.വ തീ. 29.01.2018 ഉത്തരവ് പ്രകാരമുള്ള സബ്സിഡി ധനസഹായ മാർഗ്ഗരേഖ ഖണ്ഡിക 5.2.1(6) പ്രകാരം അഗതി രഹിത കേരളം പദ്ധതിയ്ക്ക് വികസന ഫണ്ടിൽ നിന്നും നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. സ.ഉ(എം.എസ്)252/ 2017/ ത.സ്വ.ഭ.വ തീ. 12.12.2017 പ്രകാരം ആശ്രയ പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകരിച്ച പദ്ധതിയിലെ ഭവന രഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവനനിർമ്മാണ സഹായം നൽകിയതിനു ശേഷം മാത്രമേ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. 14.09.2018 ലെ സ.ഉ (എം.എസ്)/128 /2018/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഭവന രഹിതരായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തണമെന്നും ലൈഫ് പദ്ധതിയുടെ ആനുകൂല്യം അനുവദിക്കുമ്പോൾ ഈ ഗുണഭോക്താക്കൾക്ക് പ്രഥമ പരിഗണന നൽകേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അഗതിരഹിതകേരളം ആക്ഷൻപ്ലാൻ പ്രകാരം വീട് ആവശ്യമുള്ള 5ഗുണഭോക്താക്കൾ ഉള്ളതിൽ 5 പേരെയും ലൈഫ് പദ്ധതിയിലേക്ക് മാറ്റിയിട്ടുണ്ട് എന്നാണ് ഗ്രാമപഞ്ചായത്തിൽ നിന്നും അറിയിച്ചിട്ടുള്ളത്. മറ്റ് ആനുകൂല്യങ്ങൾ ആവശ്യമുള്ള ആശ്രയ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ആശ്രയ നിർബന്ധിത പ്രൊജക്ടാണെന്നിരിക്കെ 13-ാം പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതും, ലഭ്യമാകുന്ന തുക സമയബന്ധിതമായി വിനിയോഗിക്കേണ്ടതുമാണ്. പദ്ധതി പ്രവർത്തനത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഓ.ഡി.എഫ്- ഗ്യാപ്പ് ഫില്ലിംഗ് പദ്ധതി നടത്തിപ്പിലെ അപാകതകൾ

2019-20, 2020-21 വർഷങ്ങളിൽ വി.ഇ.ഓ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച് നടപ്പാക്കിയ ഓ.ഡി.എഫ്- ഗ്യാപ്പ് ഫില്ലിംഗ് പദ്ധതികളുടെ നിർവ്വഹണം പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. പരിശോധനയിൽ കണ്ടെത്തിയ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1) 2019-20 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതി

| | | |
|---|---|---|
| പ്രോജക്ട് നം, പേര് | 241/2020, ഓ.ഡി.എഫ്- ഗ്യാപ്പ് ഫില്ലിംഗ് | |
| അടങ്കൽ തുക, ഫണ്ടിനം | 4,77,400 രൂപ | വികസന ഫണ്ട്(ജനറൽ) = 1,05,400 രൂപ |
| | | കേന്ദ്രാവിഷ്കൃത ഫണ്ട്= 3,72,000 രൂപ |
| ചെലവ്, ഫണ്ടിനം | 1,50,800 രൂപ | വികസന ഫണ്ട്(ജനറൽ) = 6,800 രൂപ |
| | | കേന്ദ്രാവിഷ്കൃത ഫണ്ട്= 1,44,000 രൂപ |

എ) ബി.ആർ. നം, തിയതി, തുക

| ക്രമ നം | ബി.ആർ. നം | തിയതി | തുക (രൂപ) |
|---|---|---|---|
| 1 | 191406520204012417II | 11.02.20 | 6,800 |
| 2 | 508730090119025 | 11.02.20 | 24,000 |
| 3 | 508730090119028 | 29.02.20 | 60,000 |
| 4 | 508730090119033 | 23.02.20 | 60,000 |
| ആകെ | | | 1,50,800 |

ബി) പദ്ധതി ലക്ഷ്യം

ഒ.ഡി.എഫ് ഗ്യാപ്പ് ഫില്ലിംഗിന്റെ ഭാഗമായി ശൗചാലയം ഇല്ലാത്ത 31 ഗുണഭോക്താക്കൾക്ക് ശൗചാലയം നിർമ്മിക്കുന്നതിനായി കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും 12,000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 3,400 രൂപയും ഉൾപ്പടെ 15,400 രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്.

ഭരണസമിതിയുടെ 17.01.2020 ലെ 5/5 നമ്പർ തീരുമാന പ്രകാരം 21 പട്ടിക വിഭാഗക്കാർക്കും 10 ജനറൽ വിഭാഗക്കാരും ഉൾപ്പടെ 31 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

പട്ടികജാതി വികസന ഓഫീസറുടെ 04.02.20 ലെ സാക്ഷ്യപത്രം പ്രകാരം ഗുണഭോക്തൃ ലിസ്റ്റിലെ 21 പട്ടിക വിഭാഗക്കാരിൽ 18 പേർക്ക് മാത്രമാണ് വകുപ്പ് വഴി ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. 3 പേരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ശ്രീമതി. തങ്ക, ആമൂർ കോളനി- യുടെ സാക്ഷ്യപത്രം ഹാജരാക്കുകയും ശ്രീമതി. ദേവു, കിടങ്ങറ, ശ്രീ. ശിവദാസൻ, ആണ്ടിത്തറ എന്നീ രണ്ടു പേർ അനർഹരാണ് എന്ന് കണ്ടെത്തിയതിനാലാണ് സാക്ഷ്യപത്രം ലഭ്യമാവാത്തത് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെടുന്നതിന് ഇടയാക്കിയത് ശരിയായ നടപടിയല്ല. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് കാര്യക്ഷമമവും കുറ്റമറ്റതാകുന്നതിലും ശ്രദ്ധിക്കേണ്ടതാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം |
|---|---|
| 1 | ശ്രീമതി. ദേവു, കിടങ്ങറ |
| 2 | ശ്രീമതി. തങ്ക, ആമൂർ കോളനി |
| 3 | ശ്രീ. ശിവദാസൻ, ആണ്ടിത്തറ |

സി) പദ്ധതി നിർവ്വഹണം

2019-20 യിൽ 12 ഗുണഭോക്താക്കൾ എഗ്രിമന്റ് വച്ചതിൽ 2 പേർ മാത്രാമാണ് പൂർത്തിയാക്കിയിട്ടുള്ളത്. 10 പേർ നിർമ്മാണം പൂർത്തിയാക്കുവാൻ അവശേഷിച്ചിരുന്നു.

2) 2020-21 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതി

| | | |
|---|---|---|
| പ്രോജക്റ്റ് നം, പേര് | 221/2021, ഓ.ഡി.എഫ്- ഗ്യാപ്പ് ഫില്ലിംഗ് (സ്പിൽ ഓവർ) | |
| അടങ്കൽ തുക, ഫണ്ടിനം | 3,22,600 രൂപ | വികസന ഫണ്ട്(ജനറൽ) = 98,600 രൂപ |
| | | കേന്ദ്രാവിഷ്കൃത ഫണ്ട്= 2,28,000 രൂപ |
| ചെലവ്, ഫണ്ടിനം | 2,49,600 രൂപ | വികസന ഫണ്ട്(ജനറൽ) = 81,600 രൂപ |
| | | കേന്ദ്രാവിഷ്കൃത ഫണ്ട്= 1,68,000 രൂപ |

എ) റിക്വിസിഷൻ നമ്പർ, തിയതി, തുക

| ക്രമ നം | ബി.ആർ. നം | തിയതി | തുക (രൂപ) |
|---|---|---|---|
| 1 | 20140652020400284492 | 22.06.20 | 51,000 |
| 2 | 20140652020400376354 | 27.07.20 | 6,800 |
| 3 | 20140652020400383739 | 29.07.20 | 6,800 |
| 4 | 20140652020400425106 | 14.08.20 | 3,400 |
| 5 | 20140652020400964577 | 19.01.21 | 10,200 |
| 6 | 20140652020401258827 | 16.03.21 | 3,400 |
| 7 | 5087300901200006 | 22.06.20 | 60,000 |
| 8 | 5087300901200008 | 21.07.20 | 24,000 |
| 9 | 5087300901200014 | 10.08.20 | 24,000 |
| 10 | 5087300901200018 | 21.08.20 | 12,000 |
| 11 | 5087300901200023 | 10.11.20 | 12,000 |
| 12 | 5087300901200024 | 16.01.21 | 24,000 |
| 13 | 5087300901200032 | 16.02.21 | 12,000 |
| ആകെ | | | 2,49,600 |

ബി) പദ്ധതി ലക്ഷ്യം

2019-20 യിൽ 12 പേർക്ക് ആനുകല്യം നൽകിയതിൽ 2 പേർ നിർമ്മാണം പൂർത്തിയാക്കുകയും മുഴുവൻ തുകയും കൈപ്പറ്റുകയും ചെയ്തിരുന്നു 10 പേർക്ക് ബാക്കി തുക നൽകുന്നതിനും 14 ഗുണഭോക്താവിന് 15400 രൂപ നൽകുന്നതിനുമാണ് പ്രസ്തുത സ്പിൽ ഓവർ പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്.

സി) പദ്ധതി നിർവ്വഹണം

14 പേരും മുഴുവൻ തുകയും കൈപ്പറ്റുകയും നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. ഷൺമുഖൻ, പനങ്ങാട്ടിരി എന്ന ഗുണഭോക്താവിന് 12,000 രൂപ നൽകുകയും, 3400 രൂപ ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ശ്രീമതി. ശാന്ത.കെ എന്നിവർക്ക് അനുവദിച്ചതായും കാണുന്നു. രണ്ട് പേരുടെയും ബാങ്ക് അക്കൗണ്ട് നമ്പർ പരിശോധിച്ചതിൽ ഒന്നുതന്നെയാണെന്ന് ബോധ്യപ്പെട്ടു. യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് ആനുകൂല്യം ലഭ്യമായത് എന്ന് പരിശോധിക്കുന്നതിനായി ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പ് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ട്രാൻസാക്ഷൻ നടത്തിയതിന്റെ വിവരമടങ്ങിയ പകർപ്പ് ലഭ്യമാക്കിയില്ല. സാംഖ്യ സോഫ്റ്റ്‌വെയറിലെ പിഴവ് മൂലമാണ് പേര് മാറി വന്നിട്ടുള്ളത് എന്നും അറിയിച്ചിട്ടുണ്ട്.

| ക്രമ നം | ഗുണഭോക്താക്കളുടെ വിവരം | കൈപ്പറ്റിയ തുക (രൂപ) | ബാക്കി തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|
| 1 | ശ്രീ. ഷൺമുഖൻ, പനങ്ങാട്ടിരി | 12,000 | 3,400 | നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |

| | | | | |
|---|---|---|---|---|
| 2 | ശ്രീമതി. ശാന്ത.കെ | 3,400 | - | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാതെ ആനുകൂല്യം നൽകി. |

3) ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ- സംക്ഷിപ്തം _

1) പട്ടികജാതി വികസന ഓഫീസറുടെ 04.02.20 ലെ സാക്ഷ്യപത്രം പ്രകാരം ഗുണഭോക്തൃ ലിസ്റ്റിലെ 21 പട്ടിക വിഭാഗക്കാരിൽ 19 പേർക്ക് മാത്രമാണ് വകുപ്പ് വഴി ആനുകൂല്യം നൽകിയിട്ടില്ലെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ളത്. 2 പേർ അനർഹരായതിനാലാണ് സാക്ഷ്യപത്രം ലഭ്യമാക്കുവാൻ സാധിക്കാത്തതെന്ന് അറിയിച്ചിട്ടുണ്ട്. ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ അനർഹർ ഉൾപ്പെടുന്നതിന് ഇടയാക്കിയത് ശരിയായ നടപടിയല്ല. ഗുണഭോക്തൃ തിരഞ്ഞെടുപ്പ് കാര്യക്ഷമമവും കുറ്റമറ്റതാകുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

2) 31 ഗുണഭോക്താക്കൾക്ക് ശൗചാലയം നിർമ്മിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്യുകയും 26 പേർക്ക് മാത്രം ആനുകൂല്യം നൽകുകയും ചെയ്തതുവഴി ലക്ഷ്യമിട്ട പ്രവർത്തനം നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

3) 2020 മെയിൽ പുറത്തിറക്കിയ സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫേസ് 2 ഓപ്പറേഷണൽ ഗൈഡ്‌ലൈൻസിൽ രാജ്യത്തെ എല്ലാ ജില്ലകളും 2019 ഒക്ടോബർ 2 ന് ഓപ്പൺ ഡെഫിക്കേഷൻ ഫ്രീ ആയി പ്രഖ്യാപിച്ചിട്ടുള്ളതാണ്. സ്വച്ഛ് ഭാരത് മിഷൻ(ഗ്രാമീൺ) വെബ്സൈറ്റിൽ കേരള സംസ്ഥാനത്തിന്റെ ഒഡിഎഫ് സ്റ്റാറ്റസ് 100% എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത സാഹചര്യത്തിൽ പദ്ധതി 2020-21 ലും സ്പിൽ ഓവറായി നിർവ്വഹണം നടത്തേണ്ടിവന്നത് ശരിയായ നടപടിയല്ല.

4) ശ്രീ. ഷൺമുഖൻ, പനങ്ങാട്ടിരി എന്ന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് പാസ് ബുക്കിന്റെ പകർപ്പും ട്രാൻസാക്ഷൻ നടത്തിയതിന്റെ വിവരമടങ്ങിയ പകർപ്പും ലഭ്യമാക്കാത്തതിനാൽ യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് ആനുകല്യം ലഭ്യമായത് എന്ന് ബോധ്യപ്പെട്ടിട്ടില്ല.

5) ശ്രീ. ഷൺമുഖൻ, പനങ്ങാട്ടിരി എന്ന ഗുണഭോക്താവിന്റെ പേരിന് പകരം ശ്രീമതി. ശാന്ത.കെ യുടെ പേര് വന്നിട്ടുള്ളത് സാംഖ്യ സോഫ്റ്റ്‌വെയറിലെ പിഴവ് മൂലമാണ് എങ്കിൽ ആയതിനുള്ള വിശദീകരണം ഐ.കെ.എമ്മിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാവാതിരിക്കുന്നതിനുള്ള നിർദ്ദേശം അടിയന്തിരമായി നല്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 3/18.01.2022)

1-25 ബി പി എൽ കുടുംബങ്ങൾക്ക് ഗാർഹിക ശൗചാലയങ്ങളുടെ റിട്രോഫിറ്റിംഗ്- പൊതുവിഭാഗത്തിനും അനുവദിച്ചു, പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി സംസ്ഥാനങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന വേൾഡ് ബാങ്ക് സപ്പോർട്ട് ടു സ്വച്ഛ് ഭാരത് മിഷനിൽ സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കുന്നത് സംബന്ധിച്ച് 21.07.2018-ലെ 334/ഡി.സി.1/18/തസ്വഭവ സർക്കുലർ പ്രകാരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യ സംസ്കരണ ഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്തൽ (റെട്രോഫിറ്റിംഗ്) പദ്ധതി ബിപിഎൽ കുടുംബങ്ങൾക്ക് മാത്രമാണ് അനുവദിക്കാവുന്നത്. 5000/- രൂപ പെർഫോമൻസ് ബേസ്ഡ് ഇൻസന്റീവ് ഗ്രാന്റിൽ നിന്നും 4240/- രൂപ പ്ലാൻ/തനത് ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.

എലവഞ്ചേരി ഗ്രാമപഞ്ചായത്തിൽ 2020-21 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥയായി 70 ഗുണഭോക്താക്കൾക്ക് റെട്രോഫിറ്റിംഗിനായി ആനുകൂല്യം നൽകുന്നതിന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്ന

| | | |
|---|---|---|
| പ്രൊജക്റ്റ് നം./ പേര് | 271/21, ടോയ്ലറ്റ് റിട്രോഫിറ്റിംഗ് പദ്ധതി | |
| ഫണ്ടിനം | അടങ്കൽ | ചെലവ് |

| | | |
|---|---|---|
| വികസന ഫണ്ട് ജനറൽ | 20,000 | 0 |
| ധനകാര്യ കമ്മിഷൻ അവാർഡ് | 2,31,694 | 50,880 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 3,50,000 | 60,000 |
| തനത് ഫണ്ട് | 39,026 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 6,080 | 0 |
| ആകെ | 6,46,800 | 1,10,880 |

ചെലവ് വിവരം

| ക്രമ നം | ബി.ആർ. നം/ ചെക്ക് നം | തിയതി | തുക (രൂപ) |
|---|---|---|---|
| 1 | 20140652020401320267 | 22.03.2021 | 50,880 |
| 2 | 236799<br>(കനറ ബാങ്ക്- എലവഞ്ചേരി, അക്കൗണ്ട് നം- 578110100l641) | 24.03.2021 | 60,000 |
| ആകെ | | | 1,10,880 |

പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 23.01.2021 ലെ 6(1) നമ്പർ തീരുമാന പ്രകാരം 57 പേരുടെ ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്.

മേൽ പദ്ധതി പ്രകാരം 12 ഗുണഭോക്താക്കൾ മാത്രമാണ് റെട്രോഫിറ്റിംഗിനായി തുക അനുവദിച്ചിട്ടുള്ളത്. പദ്ധതി പ്രകാരം ലക്ഷ്യമിട്ട 57 പേർക്കും ആനുകൂല്യം നൽകുന്നതിന് സാധിച്ചിട്ടില്ല.

അനർഹർക്ക് ആനുകൂല്യം നൽകി

നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യ സംസ്കരണ ഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്തൽ (റെട്രോഫിറ്റിംഗ്) പദ്ധതി ബിപിഎൽ കുടുംബങ്ങൾക്ക് മാത്രമാണ് അനുവദിക്കാവുന്നത് എന്ന് 21.07.2018-ലെ 334/ഡി.സി.1/18/തസ്വഭവ സർക്കുലർ പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ആനുകൂല്യം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കളുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ (ബിപിഎൽ) ഉൾപ്പെടുന്നില്ലെന്ന് കണ്ടെത്തി.

| ക്രമ നം | ഗുണഭോക്തൃ പട്ടികയിലെ ക്രമ നം. | പേര് | റേഷൻ കാർഡ് നം |
|---|---|---|---|
| 1 | 23 | തങ്കപ്പൻ, കിഴക്കുമുറി | 1947068980 |
| 2 | 6 | അപ്പുണ്ണി, ഉറ്റിപ്പാടം | 1947039556 |
| 3 | 12 | ശാന്തകുമാരി, വടക്കേമുറി | 1947087296 |
| 4 | 17 | പ്രേമ, കല്ലാട്ടുകുളമ്പ് | 1947033062 |
| 5 | 25 | മധുര, ഇലന്തിക്കൽ | 1947068822 |

ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടവർക്ക് തന്നെയാണ് ആനുകൂല്യം നൽകിയിട്ടുള്ളതെങ്കിലും മേൽ പട്ടികയിലെ 5 ഗുണഭോക്താക്കൾ റേഷൻകാർഡ് പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്ന് കാണുന്നു. ബിപിഎൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെന്നതിന് മറ്റ് രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഫീൽഡ് പരിശോധനയിൽ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം നൽകിയതെന്നും ഭരണസമിതിയുടെ 28.06.2021 ലെ 12(1) നമ്പർ തീരുമാന പ്രകാരം ഗുണഭോക്താക്കളുടെ സാമ്പത്തിക നിലയും ഭൗതിക സാഹചര്യങ്ങളും വിലയിരുത്തി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ റിപ്പോർട്ടിന്റ് അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട് എന്നും ആയതിന്റെ പകർപ്പും

ലഭ്യമാക്കിയിട്ടുണ്ട്.
ആയതിനാൽ 21.07.2018-ലെ 334/ഡി.സി.1/18/തസ്വഭവ പ്രകാരമുള്ള സർക്കുലർ നിർദ്ദേശം പാലിക്കപ്പെട്ടില്ല. ബിപിഎൽ കുടുംബങ്ങൾക്ക് മാത്രമായി അനുവദിക്കാവുന്ന ആനുകൂല്യം അനർഹർക്ക് അനുവദിച്ചത് ശരിയായ നടപടിയല്ല. തുടർ വർഷങ്ങളിൽ അർഹരായവർക്ക് മാത്രം ആനുകല്യം നൽകുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 4/18.01.2022 )

1-26 കാർഷിക മേഖലയിൽ സുഭിക്ഷകേരളം പദ്ധതി നടപ്പിലാക്കിയിട്ടില്ല

കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന സുഭിക്ഷ കേരളം പദ്ധതിയുടെ മാർഗ്ഗരേഖ സ.ഉ(കൈ)നം.14/2020/ആ.സാ.വ തീയതി 18-05-2020 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്തുകളും നഗരസഭകളുമാണ് ഈ പദ്ധതിയുടെ ഏകോപനം സാധ്യമാക്കേണ്ടത്. ഗ്രാമപഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിനായി പ്രാദേശിക തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി കമ്മിറ്റിയും വാർഡ് തലത്തിൽ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി വാർഡ് മെമ്പർ അദ്ധ്യക്ഷനായുള്ള കമ്മിറ്റിയും രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

തരിശുഭൂമിയിൽ കൃഷിചെയ്യുന്നതിനാണ് പദ്ധതിയിൽ ഊന്നൽ നൽകിയിട്ടുള്ളത്. കൃഷി ചെയ്യാവുന്ന തരിശ് ഭൂമിയും തരിശ് നിലങ്ങളും കണ്ടെത്തുകയും ഓരോ ഭൂമിയിലും അനുയോജ്യമായ കൃഷി ഏതെന്ന് തീരുമാനിക്കുകയും ചെയ്ത് തരിശ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ മാർഗ്ഗരേഖയിലുണ്ട്.

സുഭിക്ഷകേരളം പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് നിലവിലുള്ള സബ്സിഡി മാനദണ്ഡങ്ങളിൽ സ.ഉ(സാധാ)നം.1009/2020/ ത.സ്വഭ.വ തീയതി 29.05.2020 പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. ആയതുപ്രകാരം തരിശു കൃഷിക്ക് അനുവദിക്കാവുന്ന പരമാവധി ധനസഹായം നിശ്ചയിച്ചുകൊണ്ടും സ്ഥിരം കൃഷിക്ക് (Regular Farming) അനുവദിക്കാവുന്ന പരമാവധി ധനസഹായം വർദ്ധിപ്പിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. പതിമൂന്നാം പദ്ധതിക്കാലയളവിലേക്ക് തയ്യാറാക്കിയ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ തരിശു ഭൂമിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്ന പ്രകാരമാണ്.

| | |
|---|---|
| സ്ഥായിയായ തരിശ് | 62 ഹെക്ടർ |
| ഒരുപ്പൂ തരിശ് | 152 ഹെക്ടർ |
| ഇരുപ്പൂ തരിശ് | 121 ഹെക്ടർ |
| പരിവർത്തനപ്പെടുത്തിയ തരിശ് | 62 ഹെക്ടർ |

തരിശുഭൂമിയിലെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സ്ഥിരം കൃഷികളിൽ നെല്ലുൽപാദനത്തിന് മാത്രമാണ് കൂലിചെലവ് നൽകിയിട്ടുള്ളത്. അതിനും അർഹമായ തുക വകയിരുത്തിയിട്ടില്ല.
കാർഷിക മേഖലയിൽ സുഭിക്ഷകേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാത്തതിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 06/20-01-2022-ന് ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്തതിനാലാണ് പദ്ധതികൾ നടപ്പാക്കാനാവാത്തതെന്ന് മറുപടി നൽകിയിട്ടുണ്ട്.
പ്രൊജക്ട് ആശയങ്ങൾ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും ചർച്ച ചെയ്ത് ഗുണഭോക്താക്കളെ കണ്ടെത്തി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-27 കൃഷി ഓഫീസർ പദ്ധതികൾ നടപ്പിലാക്കുന്നില്ല

കാർഷിക മേഖലയിൽ ഉൾപ്പെടുന്ന പ്രദേശമാണ് എലവഞ്ചേരി ഗ്രാമപഞ്ചായത്ത്. 2020-21 വർഷത്തെ അവസ്ഥാ രേഖ പ്രകാരം ഗ്രാമപഞ്ചായത്തിൽ 1280 ഹെക്ടർ കൃഷിയോഗ്യമായ നെൽവയലും 134 ഹെക്ടർ കൃഷിയോഗ്യമായ കരഭൂമിയുമാണുള്ളത്. നെൽകൃഷിക്ക് പുറമേ പച്ചക്കറി, തെങ്ങ്, വാഴ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും കൃഷിചെയ്തുവരുന്നുണ്ട്.

ഭക്ഷ്യോൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ഭക്ഷ്യ വിളകളുടെ വിള വിസ്തൃതിയും ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ പദ്ധതികൾക്ക് പരിഗണന നൽകണമെന്ന് വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2020-21 വർഷം നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി എന്ന പദ്ധതി മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. തരിശ് കൃഷി, പച്ചക്കറികൃഷി, നാണ്യവിളകളുടേയും സുഗന്ധ വിളകളുടേയും കൃഷി എന്നിവ പ്രോത്സാഹനം, കാർഷിക മേഖലയിലെ യന്ത്രവൽക്കരണം എന്നീ നിർദ്ദേശങ്ങൾ അവസ്ഥാ രേഖയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്ത് പദ്ധതി നിർദ്ദേശങ്ങളാക്കി മാറ്റിയിട്ടില്ല.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ കാർഷികമേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ നെൽകൃഷിക്ക് കൂലിചിലവ് സബ്സിഡി എന്ന പദ്ധതി മാത്രമാണ് കൃഷി ഓഫീസർ നിർവഹണം നടത്തിയിട്ടുള്ളതെന്ന് കാണുന്നു.

| സാമ്പത്തിക വർഷം | ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | നടപ്പിലാക്കാത്ത പദ്ധതികളുടെ എണ്ണം | പദ്ധതി നടപ്പിലാക്കാത്തതിനാൽ നഷ്ടപ്പെടുത്തിയ തുക |
|---|---|---|---|---|
| 2018-19 | 2 | 1 | 1 | 400000 |
| 2019-20 | 6 | 1 | 5 | 536200 |
| 2020-21 | 5 | 2 | 3 | 602000 |
| | | | ആകെ | 1538200 |

പദ്ധതികൾ ആവിഷ്കരിക്കാത്തതിന്റെയും ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാത്തതിന്റെയും കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 08/20-01-22 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രത്യേക കന്നുകുട്ടി പരിപാലനവുമായി ബന്ധപ്പെട്ട് 2020-21 വർഷം 2 പദ്ധതികളാണ് വെറ്ററിനറി സർജൻ നിർവഹണം നടത്തിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്റ്റ് നം./പേര് : 30/21- കന്നുകുട്ടി പരിപാലന പദ്ധതി
അടങ്കൽ : 100000 (വികസനഫണ്ട് ജനറൽ)
100000 (ഗുണഭോക്തൃ വിഹിതം- നേരിട്ട്)
ആകെ 200000/-
ചെലവ് : 100000/-(വികസനഫണ്ട് ജനറൽ)
ബിൽ നം. 06/2020-21 തീയതി 22.03.2021

2. പ്രോജക്റ്റ് നം./പേര് : 38/21- കന്നുകുട്ടി പരിപാലന പദ്ധതി- പട്ടികജാതി
അടങ്കൽ : 200000 (വികസനഫണ്ട് SCP)
200000 (ഗുണഭോക്തൃ വിഹിതം- നേരിട്ട്)
ആകെ 400000/-
ചെലവ് : 200000/-(വികസനഫണ്ട് SCP)
ബിൽ നം. 07/2020-21 തീയതി 22.03.2021

പ്രോജക്റ്റ് നമ്പർ 30/21 പ്രകാരം 8 ഗുണഭോക്താക്കൾക്കുള്ള വിഹിതമായ 100000/- രൂപയും പ്രോജക്റ്റ് നമ്പർ 38/21 പ്രകാരം 16 ഗുണഭോക്താക്കൾക്കുള്ള വിഹിതമായ 200000/- രൂപയും കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അസിസ്റ്റന്റ് ഡയറക്ടർക്ക് NEFT മുഖേന കൈമാറിയിട്ടുണ്ട് (അക്കൗണ്ട് നം. 714021400000008). പദ്ധതികളുടെ പുരോഗതി അറിയിക്കേണ്ടതാണ്. പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.15/25.01.2022)

1-29 പഴയ മോട്ടോർ (പമ്പ് സെറ്റ് ) തിരിച്ചേൽപ്പിക്കാത്തത്

അസിസ്റ്റ് എഞ്ചിനീയർ 2020-21 വർഷം നടപ്പാക്കിയ 180/21(227/20): പടിഞ്ഞാമുറി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ എന്ന പദ്ധതി പ്രകാരം കേടായ മോട്ടോർ (പമ്പ് സെറ്റ് ) മാറ്റി പുതിയ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോർ സ്റ്റോക്കിലെടുത്ത് കൈയ്യൊഴിയുകയോ, റിപ്പയർ ചെയ്ത് ഉപയോഗിക്കുകയോ ചെയ്തതായി കാണുന്നില്ല.

വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്റ്റിന്റെ നമ്പരും പേരും | അടങ്കൽ / ഫണ്ട് ഇനം/ അനുവദിച്ച സമയം | ചെലവ്/ ബിൽ നം. | പ്രവൃത്തി മൂല്യം/ അളവു പുസ്തകം |
|---|---|---|---|---|
| 1 | 180/21(227/20): പടിഞ്ഞാമുറി കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ | 150,000/- CFC | 110,830 32/20.8.20 | 110,830/- 227/19-20 |

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.24/29-01-2022നുള്ള മറുപടിയിൽ പ്രവൃത്തി നടപ്പാക്കിയ കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയറെ വിവരം അറിയിച്ചിട്ടുള്ളതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്.

പഴയ മോട്ടോർ സ്റ്റോക്കിലെടുത്ത് കൈയ്യൊഴിയുകയോ അറ്റകുറ്റപ്പണി നടത്തി ഉപയോഗപ്പെടുത്തുകയോ ചെയ്യേണ്ടതാണ്.

1-30 കറവപശു വളർത്തൽ പദ്ധതി- അപാകതകൾ

പ്രോജക്ട് നമ്പർ - 39/21
പ്രോജക്ടിന്റെ പേര് - കറവപശു വളർത്തൽ (എസ്.സി വനിത)
നിർവഹണം- വെറ്ററിനറി സർജൻ

പശുവളർത്തൽ വഴി സ്ത്രീകൾക്ക് വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2019-20 വർഷം പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം 15000/- രൂപ ബാങ്ക് ലോൺ മുഖേന ലഭ്യമാക്കി 35000/- രൂപ സബ്സിഡി തുകയും ചേർത്ത് ആകെ 50000/- രൂപ വിലയുള്ള പശുവിനെ 17 എസ്.സി വനിതാ ഗുണഭോക്താക്കൾക്ക് വാങ്ങി നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

വികസന ഫണ്ട് (എസ്.സി.പി) 5,95,000/- രൂപയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പ 2,55,000/- രൂപയുമുൾപ്പെടെ ആകെ 8,50,000/- രൂപയാണ് പ്രോജക്ടിനായി വകയിരുത്തിയിട്ടുള്ളത്. എലവഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനെയാണ് ലോൺ നൽകുന്നതിനായി നിശ്ചയിച്ചിട്ടുള്ളത്.

പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്ക് സബ്സിഡി തുക 35000/-രൂപ വീതം ആകെ 385000/-രൂപ എലവഞ്ചേരി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കനാറാ ബാങ്ക് എലവഞ്ചേരി ശാഖയിലുള്ള 5781101001068 എന്ന അക്കൗണ്ട് നമ്പരിലേക്ക് ട്രാൻസ്ഫർക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ട്രഷറി ബിൽ നമ്പർ, തീയതി | തുക |
|---|---|---|
| 1 | C09/20-21/29-3-2021 | 350000 |
| 2 | C10/20-21/29-3-2021 | 35000 |
| | ആകെ | 385000 |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗരേഖ സ.ഉ(കൈ)22/2018/ത.സ്വ.ഭ.വ തീയതി 14/2/2018 ഖണ്ഡിക 6.2 കുറിപ്പ് 3 -ൽ വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ചെർമാനായും, വെറ്ററിനറി ഡോക്ടർ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി ആയിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടതെന്നും പഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാമെന്നും പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഓരോ പശുക്കളെ വാങ്ങുന്നതും സംബന്ധിച്ച പർച്ചേസ് കമ്മിറ്റിയുടെ തീരുമാനം ഫയലിൽ ചേർത്തിട്ടുണ്ടെങ്കിലും പ്രോക്യൂർമെന്റ് കമ്മിറ്റി മിനിറ്റ്സിൽ വാങ്ങലുകൾക്ക് അംഗീകാരം നൽകിയതായി രേഖപ്പെടുത്തലുകളില്ല. പശുക്കളുടെ പ്രായം, ഗുണനിലവാരം എന്നിവ സംബന്ധിച്ച രേഖകൾ ഫയലിലില്ല.
2. സബ്സിഡി മാർഗരേഖ ഖ.6.2 കുറിപ്പ് 5-ൽ ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൌണ്ടിലേക്ക് തുക നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ബാങ്ക് ലോൺ മുഖേന ലഭ്യമാക്കി പശുവിനെ വാങ്ങി നൽകുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തതെങ്കിലും സബ്സിഡി തുക 35000x11=385000 രൂപ ബാങ്കിലേക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. ബാങ്ക് 50000/- രൂപ വീതം 11 ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചു നൽകി. ഓരോ ഗുണഭോക്താവിനും ഗുണഭോക്തൃ വിഹിതം 15000/- രൂപ ബാങ്ക് ലോൺ അനുവദിക്കേണ്ടിടത്ത് 50000/- രൂപ അനുവദിച്ചിരിക്കുന്നു. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഉരുക്കളെ വിൽപ്പന നടത്തിയവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറി എന്നു ഉറപ്പുവരുത്തിനാവശ്യമായ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടല്ല.
3. ഉരുക്കളെ കുറഞ്ഞത് 3 വർഷമെങ്കിലും വളർത്തുന്നതാണ് എന്ന് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല.
4. സർവ്വീസ് കോ ഓപ്പറേറ്റീവ്ബാങ്കുമായി ലോൺ സംബന്ധിച്ച് കരാറിൽ ഏർപ്പെട്ടതിന്റെ രേഖകളും, പദ്ധതിയുടെ മോണിറ്ററിങ്ങ് റിപ്പോർട്ടും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.10/22-01-22 ന് മറുപടി നൽകിയിട്ടില്ല.

ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും എലവഞ്ചേരി സർവീസ് സഹകരണ ബാങ്കിൽ നിന്നും ലോൺ വിതരണം ചെയ്തത് സംബന്ധിച്ച രേഖകളും തുക വിൽപ്പന നടത്തിയ ആളുടെ അക്കൗണ്ടിലേക്ക് കൈമാറിയത് സംബന്ധിച്ച രേഖകളും ഹാജരാക്കേണ്ടതുമാണ്.
രേഖകൾ ഹാജരാക്കുന്നതുവരെ 385000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-31 പാർട്ട് ബിൽ നൽകി നാളിതുവരെ പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ പൂർത്തീകരിക്കണം ഉറപ്പാക്കണം

2020-21 വർഷം പാർട്ട് ബിൽ നൽകിയ താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല എന്ന് ഫയലിൽ നിന്നും വ്യക്തമാവുന്നു.

| ക്രമ നം. | പ്രൊജക്ടിന്റെ നമ്പരും പേരും | അടങ്കൽ / ഫണ്ട് ഇനം | കരാർ നം./ അനുവദിച്ച സമയം | ചെലവ്/ ബിൽ നം. | പ്രവൃത്തി മൂല്യം/ അളവു പുസ്തകം |
|---|---|---|---|---|---|
| 1 | 144/21(196/19, 186/20): അങ്കണ | 300,000/- MG(NR) | 58/3.12.18 6 മാസം | 200,471/- 6/21.4.20 | 200,471/- 55/18-19 |

| | | | | | |
|---|---|---|---|---|---|
| | വാടികളുടെ മെയിന്റനൻസ് | | | | |
| 2 | 166/21(104/20): പാൽ സോസൈറ്റി പുഴപ്പാറ റോഡ് റീടാറിങ് | 300,000 MG(R) | 29/22.10.19 4 മാസം | 220,706 5/21.4.20 | ₹220,706 49/19-20 |
| 3 | 169/21(109/20): കരിങ്കുളം കരിപ്പായി കുണ്ടൻപറമ്പ് റോഡ് റീ ടാറിങ്. | 270,422 MG(R) | 30/22.10.19 5 മാസം | 270,422 8/21.4.20 | 270,422 40/19-20 |
| 4 | 179/21(224/20): ളുറ്റിപ്പാടം ബോർവെൽ | 150,000 CFC | 41/20.11.19 4 മാസം | 106,093 24/15.5.20 | 106,093 31/19-20 |
| 5 | 142/21(183/20, 110/19): ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് | 600,000/- MG(NR) | 60/17.12.2018 5 മാസം | 367,411/- (CFC) 34/20.8.20 | 367411/- 59/18-19 |

142/21(183/20, 110/19): ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് എന്ന പ്രവൃത്തിക്കായി തുക വകയിരുത്തിയത് റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ്. എന്നാൽ പാർട്ട് ബിൽ തുക ചെലവഴിച്ചിരിക്കുന്നത് വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ് )ൽ നിന്നുമാണ്.

കരാർ (നം.60/17.12.2018) ഒപ്പുവെച്ച് 5 മാസത്തിനകം തീർക്കേണ്ട പ്രവൃത്തി 3 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചിട്ടില്ല. സ്ഥല പരിമിതിയുള്ളതിനാൽ എസ്റ്റിമേറ്റിൽ മാറ്റം വരുത്താൻ തീരുമാനിച്ച ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിന് ഭരണ സമിതി 29.01.2020ന് 3/3(5) തീരുമാന പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 17.4.19 മുതൽ 23.7.19 വരെ ചെയ്ത ഇനങ്ങളെ അടിസ്ഥാനമാക്കിയാണ് ആദ്യ പാർട്ട് ബിൽ തുകയായി ₹367,411/- അനുവദിച്ചത് 23.7.19ന് ശേഷം പ്രവൃത്തിയൊന്നും ചെയ്യാതിരുന്നിട്ടും കരാറുകാരനെതിരെ (ഇബ്രാഹിം കുട്ടി) നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്കുള്ള (12(II)/22-01-2022, 22(5)/28-01-2022) മറുപടികളിൽ താഴെ പറയും പ്രകാരം വിശദീകരിച്ചിട്ടുണ്ട്.

1) 144/21(196/19, 186/20): അങ്കണ വാടികളുടെ മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ പുതിയ ഇനങ്ങൾ ഉൾപ്പെടുത്തേണ്ടി വന്നതിനാൽ പാർട്ട് ബിൽ നൽകിയത് അവസാന ബില്ലായി കണക്കാക്കുകയും 205/21: മണ്ഡപം കൂടം അങ്കണവാടി ചുറ്റുമതിൽ എന്ന പേരിലുണ്ടായിരുന്ന സ്പിൽ ഓവർ പ്രവൃത്തിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2) 166/21(104/20): പാൽ സോസൈറ്റി പുഴപ്പാറ റോഡ് റീടാറിങ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ 230 മീറ്റർ റോഡ് റീടാറിങ്, 17 മീറ്റർ റോഡ് കോൺക്രീറ്റ് എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. 22.03.2020 തീയതി 246 മീറ്റർ റോഡ് റീ ടാറിങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. നിലവിലുള്ള ടാർ റോഡിൽ വെള്ളം കെട്ടി നിൽക്കുന്നത് ഒഴിവാക്കുന്നതിനാണ് 17 മീറ്റർ റോഡ് കോൺക്രീറ്റ് ഉദ്ദേശിച്ചിരുന്നത്. 2020-21ലെ പട്ടേലിപ്പാറ റോഡ് ടാറിങ് എന്ന പ്രവൃത്തി നടക്കുന്ന സമയത്ത് വെള്ളം നിൽക്കുന്ന ഭാഗം

ടാർ ചെയ്ത് വെള്ളക്കെട്ട് ഒഴിവാക്കിയിട്ടുള്ളതാണ്.

3) 169/21(109/20): കരിങ്കുളം കരിപ്പായി കുണ്ടൻപറമ്പ് റോഡ് റീ ടാറിങ് എന്ന പ്രവൃത്തിയിൽ 325 മീറ്റർ റീടാറിങ്, 12 മീറ്റർ പാർശ്വ ഭിത്തി നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. റീ ടാറിങ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 12 മീറ്റർ പാർശ്വ ഭിത്തി നിർമ്മാണം സ്ഥലം വിട്ടുകിട്ടാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല.

4) 179/21(224/20): ഏറ്റിപ്പാടം ബോർവെൽ എന്ന പദ്ധതിയിൽ ബോർവെൽ കുഴിക്കുന്നതിനും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുമുള്ള എസ്റ്റിമേറ്റാണ് ഉൾപ്പെടുത്തിയിരുന്നത്. ബോർവെൽ കുഴിച്ച് പാർട്ട് ബിൽ നൽകിയിട്ടുണ്ട്. ബാക്കി പൈപ്പ് ലൈൻ സ്ഥാപിച്ചതിന്റെ അളവ് രേഖപ്പെടുത്തിയതിൽ വ്യത്യാസം ഉള്ളതിനാൽ ഫൈനൽ ബിൽ നൽകിയിട്ടില്ലാത്തതാണ്. അളവു പുസ്തകം മുൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കൈവശമാണുള്ളത്. അവസാന ബിൽ വിവരം ഫയലിലും അളവു പുസ്തകത്തിലും രേഖപ്പെടുത്താത്തതാണ്.

5) 142/21(183/20, 110/19): ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് എന്ന പ്രവൃത്തിക്കായി 2018-19 വർഷം റോഡിതര മെയിന്റനൻക് ഗ്രാന്റാണ് വകയിരുത്തിയിരുന്നത്. എന്നാൽ 2019-20 സാമ്പത്തിക വർഷം ഫണ്ട് ഭേദഗതി വരുത്തുകയും വികസന ഫണ്ട് (ധനകാര്യ കമ്മീഷൻ അവാർഡ്) - 567015/-, തനത് ഫണ്ട് 533/- എന്നിങ്ങനെ ആകെ ₹567548/- എന്നാക്കിയിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിലാണ് തുക ചെലവഴിച്ചിരിക്കുന്നത്. മേൽ പ്രവൃത്തിക്കായി 17.12.2018ലാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 22.07.2019തീയതി വരെ ചെയ്ത പ്രവൃത്തിയുടെ ബിൽ ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത് 24.03.2020 തീയതിയാണ്. ആയത് ക്യൂ ബിൽ ആവുകയും 20-21 സാമ്പത്തിക വർഷം ആണ് ബിൽ പാസാവുകയും ചെയ്തിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശം:

I) ഒരു പ്രവൃത്തിക്കായി കരാർ വെച്ച് പാർട്ട് പാർട്ട് ബിൽ നൽകിയ ശേഷം ബാക്കി വരുന്ന ഇനങ്ങൾ മറ്റൊരു പ്രൊജക്ടിന്റെ ഭാഗമായി പൂർത്തിയാക്കുന്നത് ഉചിതമല്ല. പാർട്ട് ബിൽ നൽകി അതേ വർഷം പൂർത്തിയാക്കാനാവാത്ത സംഗതിയിൽ പ്രൊജക്ട് സ്പിൽ ഓവറായി കൊണ്ടുവന്ന് അടുത്ത വർഷം അതേ കരാറുകാരനെ കൊണ്ട് പ്രവൃത്തി പൂർത്തീകരിപ്പിക്കുകയാണ് വേണ്ടത്. പാർട്ട് ബിൽ തുക ബാലൻസ് ഷീറ്റിൽ Work In Progress എന്ന ഹെഡിൽ ഉൾപ്പെടുത്തുകയും വേണം.

II) ഏതെങ്കിലും സാഹചര്യത്തിൽ പ്രവൃത്തി തുടരാനാവുന്നില്ലെങ്കിൽ വിവരം കരാറുകാരനുമായി ആശയ വിനിമയം നടത്തി പ്രവൃത്തി അവസാനിപ്പിച്ച വിവരം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

III) 2020-21 വർഷം ആയുർവ്വേദ ആശുപത്രി മെയിന്റനൻസ് എന്ന പ്രവൃത്തിക്കായി ധനകാര്യ കമ്മീഷൻ അവാർഡിൽ നിന്നും ₹367411/- ചെലവഴിക്കുമ്പോൾ ഈ ഇനത്തിൽ തുക വകയിരുത്തിയിട്ടില്ല എന്നു തന്നെയാണ് ചെലവു പത്രികയിൽ നിന്നും മനസിലാവുന്നത്. പാർട്ട് ബിൽ ആണ് 2020-21ൽ നൽകിയിരിക്കുന്നത്. പ്രവൃത്തി പൂർത്തീകരിച്ച് അവസാന ബിൽ നൽകിയതിന്റെ വിവരം അറിയിക്കുന്നതോടൊപ്പം വികസന ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കുകയും വേണം.

## 1-32 ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്

2020-21ൽ അവസാന ബിൽ നൽകിയ പ്രവൃത്തികളിൽ കരാറുകാരൻ ബിറ്റുമെൻ വാങ്ങി റോഡ് റീ ടാറിങ് നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാനബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽ വില ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്ട് നം/ പേര് | 164/21 (99/20): പറശ്ശേരി പൊട്ടപ്പാറ റോഡ് മെറ്റലിങ് ടാറിങ് |

| | |
|---|---|
| വകയിരുത്തിയ തുക/ ഫണ്ടിനം | 105,491/- MG(R) |
| ചെലവു തുക/ ബിൽ നം. | 105,491/- 13/21.4.20 |
| ബിറ്റുമെൻ ഉൾപ്പെട്ട ഇനങ്ങളുടെ അളവുകൾ | Prime Coat, Tack Coat, 20mm Pre-mix & Seal Coat, - 186.26 $M^2$ Each. |
| ഉപയോഗിച്ച ബിറ്റുമെൻ | SS1- 158.32, RS1- 41.908, VG30- 392.99 Kg |
| ആകെ ബാരലുകളുടെ എണ്ണം | 4 |
| അളവു പുസ്തകം | 36/19-20 |
| ഈടാക്കേണ്ട തുക | ₹952+ GST |
| കരാറുകാരൻ | ജയപ്രകാശ്. ജി |

2.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 175/21(136/20): ചെട്ടിത്തറ വട്ടപ്പാംകുളം റോഡ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹300,000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹300,000/- 12/20.4.20 |
| ബിറ്റുമെൻ ഉൾപ്പെട്ട ഇനങ്ങളുടെ അളവുകൾ | Mod Penetr Mac- 23.31Kg, Tack Coat, 20mm Pre-mix, Seal Coat - 450.05$m^2$ Each. |
| ഉപയോഗിച്ച ബിറ്റുമെൻ | RS1- 101.26Kg, VG30- 950.32, 45.91 |
| ആകെ ബാരലുകളുടെ എണ്ണം | 7 |
| അളവു പുസ്തകം | 38/19-20 |
| ഈടാക്കേണ്ട തുക | 1666+ GST |
| കരാറുകാരൻ | ജയപ്രകാശ്. ജി |

ബാരൽ വിലയായി ഈടാക്കേണ്ടിയിരുന്ന ₹2618/- (952+1666) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

1-33 പണി പൂർത്തീകരിച്ചിട്ടും നാളിതുവരെ ഫൈനൽ ബിൽ തുക അനുവദിക്കാത്തത്

₹200,000/- റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വകയിരുത്തി പ്രൊജക്റ്റ് നം.181/21 (119/20): കോള്മ്പ് മണ്ഡപം കൂടം സബ്സെന്റർ മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ആദ്യ പാർട്ട് ബിൽ ഇനത്തിൽ ₹106,929/- ബിൽ നം.48/13.10.20 പ്രകാരം പിൻവലിച്ചിട്ടുണ്ട്. ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമ നിധി എന്നീ വിഹിതങ്ങൾ കൂടാതെ റിടെൻഷൻ ഇനത്തിൽ ₹2673/- കൂടി ഈടാക്കി ബാക്കി തുകയാണ് കരാറുകാരൻ ശ്രീ ദേവദാസന് നൽകിയത്. നികുതിയടക്കം ₹106,929/- പ്രവൃത്തി മൂല്യം കണക്കാക്കിയാണ് തുക പിൻവലിച്ചത് (അളവുപുസ്തകം 65/19-20). ബാക്കി ഇനങ്ങൾ ചെയ്ത് 25.6.2020ന്

പ്രവൃത്തി പൂർത്തീകിരച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ ബിൽ തുക മാറി കരാറുകാരന് നൽകിയിട്ടില്ല.

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നം.22-2/28-01-2022 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ അളവുകൾ രേഖപ്പെടുത്തി ലഭ്യമാക്കുന്നതിലെ കാലതാമസമാണ് കാരണമായി പറഞ്ഞിരിക്കുന്നത്. അസിസ്റ്റന്റ് എഞ്ചിനീയറും കാരറുകാരനും തമ്മിൽ ഉണ്ടാക്കുന്ന കാരാറിലെ ഖണ്ഡിക 13 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ അളവെടുത്ത് ബില്ലെഴുതുകയും ബിൽ ലഭിച്ച് ഒരാഴ്ച്ചയ്ക്കുള്ളിൽ പണം നൽകേണ്ടതുമാണ്.

ബിൽ തുക നൽകുന്നതിലെ പ്രശ്നങ്ങൾ പരിഹരിച്ച് കരാറുകാരന് ബിൽ തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-34 ടെണ്ടർ വേരിയേഷൻ കുറവു ചെയ്യാത്തത്

പ്രൊജക്റ്റ് നം.186/21(139/20): കമ്പനിക്കളം കല്ലാട്ട്കുളമ്പ് റീടാറിങ് എന്ന പ്രവൃത്തിയുടെ അവസാന ബിൽ തുക നൽകുമ്പോൾ ടെണ്ടർ വേരിയേഷൻ കുറവു ചെയ്യാത്തതിനാൽ ₹420/- നഷ്ടം വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കരാർ നം.66/4.12.19 കരാറുകാരൻ: സിജു.എം.കെ

എസ്റ്റിമേറ്റ് തുക: 471,000/- കരാർ നിരക്ക് : 0.1% കുറവ്
ചെലവ് തുക: 470051/- ബിൽ നം. 39/20.08.20
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട് (റോഡിതരം)

അളവുപുസ്തകം നം.59/19-20

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 419,688.51 | 419,688.51 |
| + 12% GST | 50362.62 | 50362.62 |
| ആകെ | 470051.13 | 470051.13 |
| - ടെണ്ടർ വേരയേഷൻ (0.1%) | 419.69 | 0 |
| അറ്റ തുക | 469631.44 | 470051.13 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.22-4/28-01-2022) മറുപടിയിൽ തുക പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ട ₹420/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ബിറ്റുമെൻ ബാരൽ വില ഈടാക്കാത്തത്

2020-21ൽ അവസാന ബിൽ നൽകിയ പ്രവൃത്തികളിൽ കരാറുകാരൻ ബിറ്റുമെൻ വാങ്ങി റോഡ് റീ ടാറിങ് നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ അവസാനബില്ലിൽ നിന്നും ബിറ്റുമെൻ ബാരൽ വില ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 164/21 (99/20): പറശ്ശേരി പൊട്ടപ്പാറ റോഡ് മെറ്റലിങ് ടാറിങ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | 105,491/- MG(R) |
| ചെലവു തുക/ ബിൽ നം. | 105,491/- 13/21.4.20 |
| ബിറ്റുമെൻ ഉൾപ്പെട്ട ഇനങ്ങളുടെ അളവുകൾ | Prime Coat, Tack Coat, 20mm Pre-mix & Seal Coat, - 186.26 $M^2$ Each. |
| ഉപയോഗിച്ച ബിറ്റുമെൻ | SS1- 158.32, RS1- 41.908, VG30- 392.99 Kg |
| ആകെ ബാരലുകളുടെ എണ്ണം | 4 |
| അളവു പുസ്തകം | 36/19-20 |
| ഈടാക്കേണ്ട തുക | ₹952+ GST |
| കരാറുകാരൻ | ജയപ്രകാശ്. ജി |

2.

| | |
|---|---|
| പ്രൊജക്റ്റ് നം/ പേര് | 175/21(136/20): ചെട്ടിത്തറ വട്ടപ്പാംകുളം റോഡ് |
| വകയിരുത്തിയ തുക/ ഫണ്ടിനം | ₹300,000/- MG(R) |
| ചെലവു തുക/ ബിൽ നം. | ₹300,000/- 12/20.4.20 |
| ബിറ്റുമെൻ ഉൾപ്പെട്ട ഇനങ്ങളുടെ അളവുകൾ | Mod Penetr Mac- 23.31Kg, Tack Coat, 20mm Pre-mix, Seal Coat - 450.05$m^2$ Each. |
| ഉപയോഗിച്ച ബിറ്റുമെൻ | RS1- 101.26Kg, VG30- 950.32, 45.91 |
| ആകെ ബാരലുകളുടെ എണ്ണം | 7 |
| അളവു പുസ്തകം | 38/19-20 |
| ഈടാക്കേണ്ട തുക | 1666+ GST |
| കരാറുകാരൻ | ജയപ്രകാശ്. ജി |

ബാരൽ വിലയായി ഈടാക്കേണ്ടിയിരുന്ന ₹2618/- (952+1666) ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

### 3-2 ടെണ്ടർ വേരിയേഷൻ കുറവു ചെയ്തില്ല – അധികം നൽകിയ തുക തിരിച്ചടക്കണം

പ്രൊജക്റ്റ് നം.186/21(139/20): കമ്പനിക്കളം കല്ലാട്ട്കുളമ്പ് റീടാറിങ് എന്ന പ്രവൃത്തിയുടെ അവസാന ബിൽ തുക നൽകുമ്പോൾ ടെണ്ടർ വേരിയേഷൻ കുറവു ചെയ്യാത്തതിനാൽ ₹420/- നഷ്ടം വന്നിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കരാർ നം.66/4.12.19 കരാറുകാരൻ: സിജു.എം.കെ

എസ്റ്റിമേറ്റ് തുക: 471,000/- കരാർ നിരക്ക് : 0.1% കുറവ്
ചെലവ് തുക: 470051/- ബിൽ നം. 39/20.08.20
ഫണ്ടിനം: മെയിന്റനൻസ് ഫണ്ട് (റോഡിതരം)

അളവുപുസ്തകം നം.59/19-20

| | അനുവദിക്കാവുന്നത് | അനുവദിച്ചത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 419,688.51 | 419,688.51 |
| + 12% GST | 50362.62 | 50362.62 |
| ആകെ | 470051.13 | 470051.13 |
| – ടെണ്ടർ വേരയേഷൻ (0.1%) | 419.69 | 0 |
| അറ്റ തുക | 469631.44 | 470051.13 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.22-4/28-01-2022) മറുപടിയിൽ തുക പഞ്ചായത്തിൽ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസിസ്റ്റന്റ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ടെണ്ടർ വേരിയേഷൻ ഇനത്തിൽ കുറവുചെയ്യേണ്ട ₹420/- ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 12.1.2022- 21.1.2022 | അനുബന്ധം 1 കാണുക |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| നെൻമാറ ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 8910 | 51/18-പെരിങ്ങോട്ടുകാവ് കുടിവെള്ള പദ്ധതി | | 8910 |
| | 2017-18 | 69819 | 160/18-കരിപ്പാലി-മന്ദത്ത് പാറ | | 69819 |

| | | | | | |
|---|---|---|---|---|---|
| | | | കുടിവെള്ളപദ്ധതി | | |
| | 2018-19 | 200000 | 119/19-സയൻസ് സെന്റർ ലാടിൻ ബ്ലോക്ക് | | 0 |
| | 2018-19 | 19050 | 189/19-ലൈഫ് മിഷൻ(ജനറൽ) | | 19050 |
| | 2018-19 | 43460 | 117/19-ലൈഫ് മിഷൻ(എസ്.സി.പി) | 0 | 43460 |
| | 2018-19 | 5333 | സ്കോളർഷിപ് | 0 | 5333 |
| | 2018-19 | 105908 | പാലിയേറ്റീവ് | 0 | 105908 |
| | 2018-19 | 51656 | വ്യക്തമല്ല | 0 | 51656 |
| | 2020-21 | 2450000 | 28/21: നെൽ കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | 2450000 | 0 |
| | | 160 | 35/21: പാലിയേറ്റീവ് പരിചരണ പരിപാടി | 0 | 160 |
| | | 3215 | 106/20-ലൈഫ് മിഷൻ (ജനറൽ) | 0 | 3215 |
| | | 535000 | 36/21: ലൈഫ് മിഷൻ (ജനറൽ) | 535000 | 0 |
| | | 423506 | 33/21: ലൈഫ് മിഷൻ (ജനറൽ) | 423506 | 0 |
| | | 1214280 | 223/21(240/20)-ലൈഫ് മിഷൻ (എസ്.സി.പി) | 1101000 | 113280 |
| | | 170000 | 3/21: ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 170000 | 0 |
| | | 300000 | 181/20: പടിഞ്ഞാമുറി അങ്കണവാടി നിർമ്മാണം | 0 | 300000 |
| | 2018-19 | 500000 | 182/21: കണക്കൻ കാട് അംഗനവാടി കെട്ടിട നിർമ്മാണം | 500000 | 0 |
| ആകെ - ബ്ലോക്ക് പഞ്ചായത്ത് | | 5600297 | | 4679506 | 720791 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2018-19 | 60279 | 189/19-ലൈഫ് മിഷൻ (ജനറൽ) | 0 | 60279 |
| | 2020-21 | 0 | 82/20: നെൽ കൃഷിക്ക് കൂലിച്ചെലവ് | 0 | 0 |
| | 2020-21 | 2177952 | 158/20: നെൽ കൃഷിക്ക് കൂലിച്ചെലവ് | 2177952 | |
| | 2019-20 | 9384 | 106/20-ലൈഫ് മിഷൻ (ജനറൽ) | 0 | 9384 |
| | 2020-21 | 260000 | 36/21-ലൈഫ് മിഷൻ (ജനറൽ) | 260000 | 0 |
| | 2020-21 | 360000 | 33/21-ലൈഫ് മിഷൻ (ജനറൽ) | 360000 | 0 |
| | 2020-21 | 100000 | 157/21: ക്ഷീര കർഷകർക്ക് പാലിന് | 100000 | 0 |

| | | | | |
|---|---|---|---|---|
| | | സബ്സിഡി | | |
| ആകെ ജില്ലാ പഞ്ചായത്ത് | 2967615 | | 2897952 | 69663 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വണ ഏജൻസി | പ്രൊജക്റ്റ് നം. | പ്രവൃത്തി യുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|---|
| 1 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊല്ലങ്കോട് | 10/21 | വിവിധ വാർഡു കളിൽ പോസ്റ്റ് മാറ്റൽ | 37/20.2.21 വികസന ഫണ്ട് | 85883 | 85883 | - |
| 2 | കേരള വാട്ടർ അതോറിറ്റി | 45/21 | ജലജീവൻ മിഷന് വിഹിതം നൽകൽ | 45/12.2.21 | 292500 | - | 292500 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതിക്കായി വായ്പയിനത്തിൽ 2200000 രൂപ വരവുണ്ട്. മുൻവർഷത്തിലെ ചെലവഴിക്കുവാൻ അവശേഷിക്കുന്ന തുക 160000 രൂപ 2020-21 വർഷത്തിലും ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന നിർമ്മാണ പദ്ധതി | 18.05.18 ലെ ജിഒ(എം.എസ്) നം 68/2018 എൽ.എസ്. ജി.ഡി | 2200000 | 26125882 | 2253882 | | 26072000 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ₹24924/- വരവുണ്ട്. വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 1-21 (5,6,8,12,15) | 17,842 | വിജയരാഘവൻ, കോൺട്രാക്ടർ | 120050900001/27.04.20 |
| 2018-19 | 1-21 (2,4,14) | 4,693 | രമേഷ്. വി, കോൺട്രാക്ടർ | 120050101758/8.10.20 |
| 2018-19 | 1-21 (1) | 2389 | മഹേഷ്. കെ.വി. കോൺട്രാക്ടർ | 120050101792/12.10.20 |
| | | 24924 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ ഒന്നുമില്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തൻ വർഷം തുകയൊന്നും ഈടാക്കിയിട്ടില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 16887545 |
| ഓഡിറ്റ് വർഷത്തെ വരവ് | 64319244 |
| ആകെ | 81206789 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 67205883 |
| നീക്കിയിരിപ്പ് | 14000906 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 3038 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 385000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2618 | ഉമ ടി.എൻ, അസി.എഞ്ചിനീയർ |
| 3-2 | | 420 | ജിസ്ന.എ.കെ, അസി.എഞ്ചിനീയർ |
| | | 3038 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 385000 | ഡോ.നിഷ നടരാജൻ വെറ്ററിനറി സർജൻ |
| ആകെ | 385000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഉമ ടി.എൻ, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്, | തെക്കെ മഠം, കൊടകര, തൃശ്ശൂർ - 680684 |
| ജിസ്ന.എ.കെ, അസി. എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, എലവഞ്ചേരി ഗ്രാമ | ആന്ത്രോട് കളം, കണിമംഗലം, നെൻമാറ - |

| | | |
|---|---|---|
| | പഞ്ചായത്ത് | 678508 |
| ഡോ.നിഷ നടരാജൻ വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ ജില്ലാ വെറ്ററിനറി കേന്ദ്രം, പാലക്കാട് | പുത്തൻ വീട്, വല്ലാറ്റൂർ, പത്തനംതിട്ട - 689501 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക കളുടെ എണ്ണം |
|---|---|---|
| 1997-98 | LFP10- 709/01/11.09.01 | - |
| 1998-99 | LFP10- 751/01/03.08.01 | - |
| 1999-2000 | LFP10- 752/01/03.08.01 | - |
| 2000-01 | LFP10- 276/02/04.05.02 | 1 |
| 2001-02 | LFP13- 644/04/09.01.04 | 8 |
| 2002-03 | LFP13- 1162/03/09.01.04 | 1 |
| 2003-04 | LFP12- 1053/07/10.03.08 | 6 |
| 2004-05 | LFP12- 1054/07/02.01.08 | 2 |
| 2005-06 | LFP12- 1055/07/11.03.08 | 7 |
| 2006-07 | LFP18- 790(a)/11/23.11.11 | 3 |
| 2007-08 | LFP18- 790(b)/11/23.11.11 | 3 |
| 2008-09 | LFP18- 790(c)/11/14.11.11 | 2 |
| 2009-10 | LFP18- 642/12/04.07.12 | 8 |
| 2010-11 | LFP18- 929/13/16.07.13 | 1 |
| 2011-12 | LFP18- 54/14/3.02.14 | 1 |
| 2012-13 | LFP18- 288/15/16.05.15 | 7 |
| 2013-14 & 2014-15 | കെ.എസ്.എ.പി.കെ.ഡി 18-587/16 /25.06.16 | 5 |
| 2015-16 | കെ.എസ്.എ.പി.കെ.ഡി.11-109/2017/ 29-12-2016 | 5 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.18-1324/2017/ 17-08-2017 | 8 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.18-396/2019/ 4-4-2019 | 5 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി.18-22/2020/ 07.02.2020 | 7 |
| 2019-20 | കെ.എസ്.എ.പി.കെ.ഡി.18-1574/2022 30/07/2022 | ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | റിപ്പോർട്ട് |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## വാർഷിക കണക്കുകളുടെ സംക്ഷിപ്തം

| Elavanchery Grama Panchayat<br>RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 16878445.00 |
| Cash | Cash | RP-40(a) | 9100.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 662710.00 |
| 130000000 | Rental income from Panchayat Properties | RP-3 | 0.0 |
| 140000000 | Fees & User Charges | RP-4 | 1648771.00 |
| 150000000 | Sale & Hire Charges | RP-5 | 148778.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 49255218.00 |
| 171000000 | Interest Earned | RP-9 | 352742.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6442810.00 |
| 340000000 | Deposits Received | RP-34 | 9000.00 |
| 350000000 | Other Liabilities | RP-36 | 274393.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 27974.00 |
| 311000000 | Earmarked Funds | RP-29 | 13410.00 |
| 330000000 | Secured Loans | RP-32 | 2200000.00 |
| 340000000 | Deposits Received | RP-34 | 228281.00 |
| 350000000 | Other Liabilities | RP-36 | 115614.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2364206.00 |
| 460000000 | Loans, Advances and Deposits | RP-47 | 575337.00 |
| | Grand total | | 81206789.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3197133.00 |
| 220000000 | Administrative Expenses | RP-12 | 1020829.00 |
| 230000000 | Operations & Maintenance | RP-13 | 1588857.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 10764549.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 17049133.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 2591394.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 1003881.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 300000.00 |
| 255000000 | Maintenance Projects | RP-20 | 8494663.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 500000.00 |
| 280000000 | Prior Period item | RP-26 | 175000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1664076.00 |
| 340000000 | Deposits Received | RP-34 | 7000.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 3173256.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1249.00 |
| 311000000 | Earmarked Funds | RP-29 | 15010.00 |
| 340000000 | Deposits Received | RP-34 | 33975.00 |
| 350000000 | Other Liabilities | RP-36 | 1192590.00 |
| 410000000 | Fixed Assets | RP-38 | 4760518.00 |
| 412000000 | Capital work in Progress | RP-40 | 1436155.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4160572.00 |
| 440000000 | Pre-paid Expenses | RP-45 | 2200000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1876043.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13981886.00 |
| Cash | Cash | RP-40(b) | 19020.00 |
| | Grand Total | | 81206789.00 |

Elavanchery Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2938285.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 59400.00 |
| 140000000 | Fee & User Charges | I-4(b) | 2059863.00 |
| 150000000 | Sale & Hire Charges | I-5(b) | 149878.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 126651778.00 |
| 171000000 | Interest Earned | I-8 | 352742.00 |
| 180000000 | Other Income | I-9 | 27974.00 |
| | Total Income | | 132239920.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8582895.00 |
| 220000000 | Administrative Expenses | I-11(b) | 1024229.00 |
| 230000000 | Operations & Maintenance | I-12(b) | 1582452.00 |
| 240000000 | Interest & Finance Charges | I-13 | 1249.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10764549.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48593262.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2591394.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 1003881.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 46167100.00 |
| 255000000 | Maintenance Projects | I-14(e) | 8494663.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 500000.00 |
| | Total Expenditure | | 129305674.00 |
| | Gross Surplus/ Deficit of income over Expenditure | | 2934246.00 |
| 280000000 | Prior Period Item | I-18 | 178339.00 |

| | | | |
|---|---|---|---|
| | Gross Surplus/Deficit of Income over Expenditure after prior period items. | | 2755907.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Elavanchery Grama Panchayat
BALANCE SHEET

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 12375194.74 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 1915.00 |
| 312000000 | Reserves | B-3 | 47706163.00 |
| | Total Reserve & Surplus | | 60083272.74 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6069505.00 |
| | Total Grants, Contributions for Specific Purposes | | 6069505.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 26072000.00 |
| | Total Loans | | 26072000.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 743253.00 |
| 350000000 | Other Liabilities | B-9 | 897481.26 |
| | Total Current Liabilities and Provisions | | 1640734.26 |
| | TOTAL LIABILITIES | | 93865512.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 50138021.00 |
| 411000000 | Accumulated Depreciation | B-11 | -5286365.00 |
| 412000000 | Capital Work in Progress | B-11(a) | 2445714.00 |
| | Total Fixed Assets | | 47297370.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 5449172.00 |
| 440000000 | Pre-paid Expenses | B-16 | 25912000.00 |
| 450000000 | Cash and Bank Balance | B-17 | 14000906.00 |
| 460000000 | Loans, Advances and Deposits | B-18 | 1206064.00 |
| | Total Current Assets, Loans and Advances | | 46568142.00 |

| | |
|---|---|
| Other Assets | |
| Miscellaneous Expenditure (To the Extent not written off) | |
| TOTAL ASSETS | 93865512.00 |

ഡെപ്യൂട്ടി ഡയറക്ടർ